# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മുണ്ടൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ (പി.കെ.ഡി) പി 17-1480/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 25/10/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുണ്ടൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ (പി.കെ.ഡി) പി 17-1480/23 തീയ്യതി: 25/10/2023

## പാലക്കാട് ജില്ലയിലെ മുണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ മുണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-08-2022 മുതൽ 16-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാം മനോഹർ.വി.കെ. | ഡെപ്യൂട്ടി ഡയറക്ടർ | 17-08-2023 | 25-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-08-2023 | 25-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സജിത എം വി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. ഗോപകുമാർ എ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. മുഹസിൻ മുനവർ പി കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 13-09-2022 |
| ശ്രീമതി. തുളസി കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 14-09-2022 | 31-03-2023 |
| ശ്രീമതി. ബിന്ദു കെ എം | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി. നസീമ എം | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ. സുധി ആർ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ. സൂരജ് കെ രാജ് | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-04-2022 | 08-02-2023 |
| ഡോ. രേഷ്മ | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 09-02-2023 | 31-03-2023 |
| ഡോ. ഗീത ആർ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| ഡോ. നിയാസ് ബാബു | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 15-04-2022 |
| ഡോ. ജിഹാന | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 16-04-2022 | 31-03-2023 |
| ശ്രീമതി. പത്മജ ടി ആർ | ഹെഡ് മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ശ്രീമതി. രാജി മാത്യൂ | വി.ഇ.ഒ. | 01-04-2022 | 02-08-2022 |
| ശ്രീ. ബിന്റോ ടി ജെ | വി.ഇ.ഒ. | 03-08-2022 | 31-03-2023 |
| ശ്രീമതി. ദിവ്യ പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.മുഫീദ.ടി.പി | കൃഷി ഓഫീസ**ർ** | 01-04-2022 | 31-03-2023 |
| ശ്രീമതി.ദേവദാസി | ഫിഷറീസ് എക്സ്റ്റ**ൻ**ഷ**ൻ** ഓഫീസ**ർ** | 01-04-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പര്‍ |
|---|---|---|
| 1 | ഓഡിറ്റ് സര്‍ട്ടിഫിക്കറ്റ് | 1-1 |
| 2 | പ്രാരംഭ തുക മുന്‍വര്‍ഷത്തെ നീക്കിയിരുപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയുടെ കൃത്യത വ്യക്തമല്ല | 1-1-2 |
| 4 | അടിസ്ഥാന അനുപാതങ്ങൾഉൾപ്പെടുത്തിയിട്ടില്ല | 1-1-3 |
| 5 | Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. | 1-1-4 |
| 6 | ബാധ്യതകൾ ബാലൻസ് ഷീറ്റ് ബി-17 ൾ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-5 |
| 7 | ഡെപ്പോസിറ്റ് പ്രവർത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-6 |
| 8 | ഡിമാന്റ് ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല | 1-1-7 |
| 9 | ആസ്തി രജിസ്റ്റർ കാലികമാക്കി പരിപാലിച്ചിട്ടില്ല | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | സാമ്പത്തിക വിശകലനം | 1-3 |
| 12 | ഫണ്ട് വിനിയോഗം | 1-4 |
| 13 | പദ്ധതി അവലോകനം | 1-5 |
| 14 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 15 | ക്ഷേമ പദ്ധതികൾ | 1-7 |
| 16 | ക്യാഷ് പരിശോധന | 1-8 |
| 17 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 18 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 19 | FACTEOS ലൈസന്‍സ് - അപാകതകൾ | 1-11 |
| 20 | FACTEOS ലൈസന്‍സ്- ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. | 1-11-1 |
| 21 | തൊഴിൽ നികുതി - സ്ഥാപന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. | 1-12 |
| 22 | തൊഴിൽ നികുതി -ചട്ട പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നില്ല. | 1-12-1 |
| 23 | വസ്തു നികുതി -ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചു | 1-13 |
| 24 | ഭവന പുനരുദ്ധാരണം - അപാകങ്ങൾ | 1-14 |
| 25 | ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല – തുടർ നടപടി സ്വീകരിക്കേണ്ടതാണ് | 1-15 |
| 26 | ലൈഫ് ഭവന പദ്ധതി - വീട് പണിപൂർത്തീകരിച്ച ഗുണഭോക്താക്കൾ - | 1-16 |

| | | |
|---|---|---|
| | തുടർനടപടി സ്വീകരിക്കേണ്ടതാണ് | |
| 27 | പാലിയേറ്റീവ് പരിചരണം - പരിഷ്കരിച്ച സർക്കാർ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | 1-17 |
| 28 | അംഗനവാടി പോഷകാഹാരം ജനറൽ- ചെലവുകൾ സുലേഖാ സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല. | 1-18 |
| 29 | ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംങ്ങ് സിസ്റ്റം-പ്രവർത്തനം സംബന്ധിച്ച് | 1-19 |
| 30 | ഹെഡ്മാസ്റ്റർ നിർവഹണം നടത്തിയ പ്രൊജക്ടുകളുടെ വിനിയോഗ വിവരം ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്. | 1-20 |
| 31 | എസ്.എസ്.കെ പദ്ധതിക്കായി പഞ്ചായത്ത് വിഹിതം നൽകൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് | 1-21 |
| 32 | തെരുവുവിളക്ക് പരിപാലനം | 1-22 |
| 33 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. | 1-23 |
| 34 | സ്നേഹ സ്പർശം പദ്ധതി - വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-24 |
| 35 | പ്രവൃത്തികളിൽ നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വെച്ചിട്ടില്ല. | 1-25 |
| 36 | പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും പിഴ ഈടാക്കിയിട്ടില്ല. | 1-26 |
| 37 | മരാമത്ത് പ്രവൃത്തികളിൽ ടാർ ബാരലുകളുടെ വില ഈടാക്കിയിട്ടില്ല | 1-27 |
| 38 | പ്രവൃത്തിയിൽ അവശ്യ ഇനങ്ങൾ ഒഴിവാക്കിയും ആവശ്യമില്ലാത്ത ഇനങ്ങൾ കൂട്ടിച്ചേർത്തിയും പ്രവൃത്തി നിർവ്വഹിച്ചിരിക്കുന്നു. | 1-28 |
| 39 | പ്രവൃത്തിയിൽ നിലവിൽ ആവശ്യമില്ലാത്ത ഇനങ്ങൾ ഉൾപ്പെടുത്തി നിർവ്വഹിച്ചിരിക്കുന്നു | 1-29 |
| 40 | വന്യജീവി സൗഹൃദ ഇടപെടൽ- വിനിയോഗവിവരം ലഭ്യമാക്കുക | 1-30 |
| 41 | മെഡിക്കൽ ഓഫീസർ നിർവഹണം- കായിക മാനസിക ശേഷി വർദ്ധനവ് സ്കൂൾവിദ്യാർത്ഥികൾക്കുള്ള യോഗാപരിശീലനം -അപാകതകൾ | 1-31 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | മരാമത്ത് പ്രവൃത്തികളിൽ ടാർ ബാരലുകളുടെ വില ഈടാക്കിയിട്ടില്ല. ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കേണ്ടതാണ്. | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |

| | | |
|---|---|---|
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകളുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക ധനകാര്യ പത്രിക-വിവിധ പത്രികകൾ | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനുവൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 1(5)/06-06-23 കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 31-07-2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോറങ്ങൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മുണ്ടൂർ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 തിയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായി വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുന്നു.

വിശേഷണങ്ങളോട്ടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മുണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : പാലക്കാട്

തിയതി : 25.10.2023

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 പ്രാരംഭ തുക മുൻവർഷത്തെ നീക്കിയിരുപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

2021-22 വാർഷിക ധനകാര്യ പത്രികയിൽ (RP 40-b) ട്രഷറി Joint Venture അക്കൗണ്ടിന്റെ (നം. 799011400001143) നീക്കിയിരുപ്പ് തുക 0 എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്(2021-22 ബാലൻസ് ഷീറ്റിൽ ഈ

അക്കൗണ്ട് ഉൾപ്പെട്ടിട്ടില്ല). എന്നാൽ 2022-23 വാർഷിക ധനകാര്യ പത്രികയിൽ (RP 40-a) പ്രസ്തുത അക്കൗണ്ടിന്റെ മുന്നിരിപ്പായി 2757 രൂപ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

1-1-2 ക്യാഷ് ഫ്ലോ പത്രികയുടെ കൃത്യത വ്യക്തമല്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ Net Increase In Cash And Cash Equivalance ആയി രേഖപ്പെടുത്തിയ തുകയും(14331426 രൂപ) ഇതേ പത്രികയിൽ Net Cash Generated By Operating + Investing + Financing Activity ആയി രേഖപ്പെടുത്തിയ തുകയും(-1595492 രൂപ) തുല്യമല്ലാത്തതിനാൽ മേൽ പത്രികയുടെ കൃത്യത വ്യക്തമല്ല.

1-1-3 അടിസ്ഥാന അനുപാതങ്ങൾഉൾപ്പെടുത്തിയിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം താഴെ പറയുന്നവ വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

എ) ചട്ടം 62 ഇ – അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ – പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ തുടങ്ങിയവ

ബി) ചട്ടം 62 എഫ് – അടിസ്ഥാന അനുപാതങ്ങൾ

സി) ചട്ടം 62(3) – മുൻ വർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല

1-1-4 Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

1-1-5 ബാധ്യതകൾ ബാലൻസ് ഷീറ്റ് ബി-17 ൾ ഉൾപ്പെടുത്തിയിട്ടില്ല.

B4 ഷെഡ്യൂൾ അനുസരിച്ച് ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നിവയിൽ നിന്നും ലഭിച്ചിട്ടുള്ള വിവിധ ഗ്രാന്റുകളുടെ ഹെഡിൽ താഴെ പറയുന്ന നീക്കിയിരിപ്പുണ്ട്. എന്നാൽ നീക്കിയിരിപ്പ് തുകകൾ B17 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല.

| ക്രമ നം. | കോഡ് | ഹെഡ് | നീക്കിയിരിപ്പ് തുക |
|---|---|---|---|
| 1 | 320700204 | Contributions For Joint Venture Projects (For Revenue Expenditure) - From Block Panchayats | 5401 |
| 2 | 320700405 | Contributions For Other Specific Purposes (For Revenue Expenditure)- From District Panchayats | 80000 |

1-1-6 ഡെപ്പോസിറ്റ് പ്രവർത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

കെ എസ് ഇ ബി മുഖേന ഡെപ്പോസിറ്റ് പ്രവർത്തികൾക്കായി നൽകുന്ന ചെലവ് Advance To Implementing Agencies എന്ന ഹെഡിൽ രേഖപ്പെടുത്തിയിട്ടില്ല.

1-1-7 ഡിമാന്റ് ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല

2022-23ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന

ചേർക്കേണ്ടിയിരുന്നതുമാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധൂത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

### 1-1-8 ആസ്തി രജിസ്റ്റർ കാലികമാക്കി പരിപാലിച്ചിട്ടില്ല

ബാലൻസ് ഷീറ്റിൽ ആസ്തികൾക്ക് തൻവർഷത്തേക്കുള്ള ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആസ്തി രജിസ്റ്റർ കാലികമാക്കി ILGMS സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിക്കാത്തതിനാൽ കൃത്യത ഉറപ്പാക്കാനായില്ല.

### 1-2 ബജറ്റ്

സ.ഉ (സാധാ) നം. 3291/2016/ തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ', 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 175, 214 എന്നിവ പ്രകാരം ബജറ്റ് തയ്യാറാക്കൽ സംബന്ധിച്ച് പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ച് ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്.
26.03.2022ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം 2(1) പ്രകാരം ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.
14.03.2023ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം 1 പ്രകാരം ബജറ്റ് റിവൈസ് ചെയ്തിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 34876223 |
| തൻവർഷം വരവ് | 295115418 |
| ആകെ വരവ് | 329991641 |
| ചെലവ് | 301761857 |
| നീക്കിയിരിപ്പ് | 28229784 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹28840317 |
| വരവ് | ₹55296671 |
| ആകെ | ₹84136988 |
| ചെലവ് | ₹40965245 |
| നീക്കിയിരിപ്പ് | ₹43171743 |

(2021-22 വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുവാൻ വിട്ടുപോയ ട്രഷറി Joint Venture അക്കൗണ്ടിലെ (നം. 799011400001143) നീക്കിയിരിപ്പായ2757 രൂപ 2022-23 വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.)

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ * | 0 | 14483824 | 14483824 | 14472207 | 11617 |
| വികസന ഫണ്ട്-എസ്.സി.പി ** | 0 | 12733267 | 12733267 | 11726439 | 1006828 |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ്, റോഡ് | | 0 | 7764000 | 7764000 | 4092063 | 3671937 |
| മെയിന്റനൻസ്, നോൺ-റോഡ് | | 0 | 6447000 | 6447000 | 6382069 | 64931 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് Basic Grant | | 612068 | 3487133 | 4099201 | 3939146 | 160055 (ബാങ്കിൽ) |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് Basic Grant (Spill Over) | | 0 | 1127637 | 1127637 | 440215 | 687422 (ലാപ്സായി) |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് Tied | | 3747418 | 4938000 | 8685418 | 3591689 | 5093729 (ബാങ്കിൽ) |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് Tied(spill Over) | | 0 | 4640469 | 4640469 | 0 | 4640469 (ലാപ്സായി) |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | TSC | 238178 | 0 | 238178 | 0 | 238178 |
| | ICDS | 417784 | 1694314 | 2112098 | 1239711 | 872387 |
| | ശുചിത്വമിഷൻ ഫണ്ട് | 507761 | 252000 | 759761 | 541723 | 218038 |

(*) അങ്കണവാടി വർക്കേഴ്സിന്റെ പ്രതിഫലത്തുക, ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് എന്നീ ജി.ഓ പ്രൊജക്ടുകളുടെ ചെലവ് തുകയായ 84402927 രൂപ മേൽ പട്ടികയിലെ വികസന ഫണ്ട് - ജനറൽ വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല.

(**) ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് എന്ന ജി.ഓ പ്രൊജക്ടിന്റെ ചെലവ് തുകയായ 42201464 രൂപ മേൽ പട്ടികയിലെ വികസന ഫണ്ട് - SCP വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല.

## 1-5 പദ്ധതി അവലോകനം

എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 242 | 103650691 | 180 | 64886749 | 0 | 62 | 74.38 |

ബി) വിവിധ നിർവഹണ ഉദ്യോഗസ്ഥർ അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രൊജക്ടുകളുടെ എണ്ണം | അടങ്കൽ | നടപ്പിലാക്കി തുക ചെലവഴിച്ച പദ്ധതികളുടെ എണ്ണം | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 6309288 | 7 | 5352342 | 84.83 |
| വെറ്റിനറി സർജൻ | 8 | 3510000 | 8 | 2155771 | 61.42 |
| മെഡിക്കൽ ഓഫീസർ - എഫ്.എച്ച്.സി | 17 | 3273139 | 12 | 1499743 | 45.82 |
| മെഡിക്കൽ ഓഫീസർ - | 7 | 1675000 | 7 | 1619247 | 96.67 |

| | | | | | |
|---|---|---|---|---|---|
| ആയുർവേദം | | | | | |
| മെഡിക്കൽ ഓഫീസർ - ഹോമിയോ | 1 | 300000 | 1 | 300000 | 100 |
| വി.ഇ.ഒ | 14 | 27272053 | 10 | 14662828 | 53.77 |
| ICDS സൂപ്പർ വൈസർ | 10 | 6550150 | 7 | 4060322 | 61.99 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 3 | 1298000 | 3 | 1224411 | 94.33 |
| ഗ്രാമപഞ്ചായത്ത് സെക്രട്ടറി | 37 | 11354275 | 32 | 9398521 | 82.77 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 122 | 37117817 | 80 | 19739595 | 53.18 |
| ഹെഡ് മാസ്റ്റർ | 9 | 1000000 | 6 | 885800 | 88.58 |
| അസിസ്റ്റന്റ് സെക്രട്ടറി | 7 | 3990969 | 7 | 3988169 | 99.93 |
| ആകെ | 242 | 103650691 | 180 | 64886749 | 62.60 |

അതത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ് -അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 5 | 671482 | 671487 | 671429 | 58 |
| എം.എൻ.ആർ.ഇ.ജി.എസ് -തൊഴിലാളി കളുടെ വേതനം | | 42331000 | 42331000 | 42331000 | 0 |
| ആകെ | 5 | 43002482 | 43002487 | 43002429 | 58 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 7231700 | 651 |
| 2 | വാർദ്ധക്യകാല പെൻഷൻ | 26388800 | 2645 |
| 3 | വികലാംഗ പെൻഷൻ | 4411400 | 410 |
| 4 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 830200 | 79 |
| 5 | വിധവാ പെൻഷൻ | 16256600 | 1503 |

## 1-8 ക്യാഷ് പരിശോധന

മുണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.08.2023

തീയ്യതിയിൽ 01.00 PM മണി സമയത്ത് അക്കൗണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 26,394/- രൂപയുടെ വരവിന്റെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴവൻ വിഷയങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്.

അക്കൗണ്ടിംഗ് റൂൾസ് പ്രകാരം സൂക്ഷിക്കേണ്ട എല്ലാ രജിസ്റ്ററുകളും രേഖകളും സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുണ്ട്.

എല്ലാ പേമെന്റുകളും ശരിയായ രീതിയിൽ വൗച്ചർ ചെയ്യപ്പെടുന്നുണ്ട്. വൗച്ചറിനോടൊപ്പം ബില്ലുകൾ സൂക്ഷിക്കുന്നുണ്ട്. ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാസാന്ത്യ/വർഷാന്ത്യ റീകൺസീലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്.

ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ആസ്തികളുടെ സമഗ്രമായ വിവരങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

പദ്ധതി നടത്തിപ്പ് കാര്യക്ഷമത ഉറപ്പു വരുത്തേണ്ടതാണ്. അതത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്. ചെലവഴിക്കാത്ത ഗ്രാന്റുകൾ തുടർവർഷങ്ങളിൽ ലഭ്യമാവാത്ത ഈ സാഹചര്യത്തിൽ സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ പരമാവധി അതാത് വർഷങ്ങളിൽ തന്നെ ഉപയോഗപ്പെടുത്തി ഗ്രാമപഞ്ചായത്തിന്റെ വികസനം ത്വരിതപ്പെടുത്താൻ ഭരണസമിതി അംഗങ്ങളും സെക്രട്ടറിയും മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരും ജിവനക്കാരും ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഏറ്റവും ഒടുവിൽ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 1997-98 മുതൽ 2005-06 വരെയുള്ള കണക്കുകളാണ് പരിശോധിച്ചിട്ടുള്ളത്. 15.07.2006 ൽ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. പെർഫോമൻസ് ഓഡിറ്റ് 01.11.2022 മുതൽ 30.11.2022 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. ആയതിന്റെ റിപ്പോർട്ട് 09.01.2023 ൽ ലഭ്യമായിട്ടുണ്ട്.

## 1-11 FACTEOS ലൈസൻസ് - അപാകതകൾ

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ അപേക്ഷകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

ലൈസൻസ് അനുവദിച്ചിരിക്കുന്നത് ക്രമപ്രകാരമല്ല

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഉള്ള ലൈസൻസ് അനുവദിച്ച് നൽകിയ അപേക്ഷകൾ പരിശോധിച്ചതിൽ മിക്ക അപേക്ഷകളിലും ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം, മൂലധനം, മാലിന്യങ്ങൾ നീക്കം ചെയ്യാൻ സംവിധാനം ഒരുക്കിയതിന്റെ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ഇവ രേഖപ്പെടുത്താത്ത അപേക്ഷകളിൽ ലൈസൻസ് ഫീസ് നിർണയിച്ച് ഈടാക്കിയത് എപ്രകാരമാണെന്ന് വ്യക്തമല്ല. 1996-ലെ കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 5എ, 12,13 പ്രകാരം ലൈസൻസിനുള്ള അപേക്ഷകൾ ലഭിച്ചതും പ്രസ്തുത സ്ഥാപനങ്ങൾ സെക്ഷൻ ക്ലർക്ക് പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കേണ്ടതും ആയത് സെക്രട്ടറി പരിശോധിച്ച് ലൈസൻസ് അനുവദിക്കുകയോ നിരസിക്കുകയോ ചെയ്യേണ്ടതാണ്. എന്നാൽ ലൈസൻസിനായുള്ള മിക്ക അപേക്ഷകളിലും സെക്ഷൻ ക്ലർക്കിന്റെ അന്വേഷണ റിപ്പോർട്ട് ഇല്ലാതെയാണ് ലൈസൻസ് അനുവദിച്ചിരിക്കുന്നത്. ഇത്

സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 22/25.08.23) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈസൻസ് അനുവദിക്കുമ്പോൾ ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

1-11-1 FACTEOS ലൈസൻസ്- ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ആയതിനാൽ എല്ലാ വ്യാപാര സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോയെന്ന് പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ഫീ ഡിമാന്റ് കൃത്യത ഉറപ്പാക്കുന്നതിന് ഫീൽഡ് വെരിഫിക്കേഷൻ നടത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഗ്രാമപഞ്ചായത്ത് ഉറപ്പാക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം. 22/25.08.23)

1-12 തൊഴിൽ നികുതി - സ്ഥാപന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുകയോ തൊഴിലെടുക്കുകയോ ചെയ്യുന്ന സ്ഥാപനത്തിന്റെയോ വ്യക്തിയുടെയോ മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു. തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

സ്ഥാപന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 205 ഐ പ്രകാരം സെക്രട്ടറി, ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ, ഒന്നോ അതിലധികമോ വർഷത്തേക്കായി സൂക്ഷിക്കേണ്ടതാണ്. കൂടാതെ പഞ്ചായത്തിലുള്ള നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളുടെയും പേര്, മറ്റ് വിവരങ്ങൾ ഉൾകൊള്ളിച്ചുകൊണ്ട് ഒരു സ്ഥാപന രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇത്തരം സ്ഥാപന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് തൊഴിൽനികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ സ്ഥാപനങ്ങൾ, ഇവരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതിന്റെ കൃത്യത എന്നിവ പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം. 23/25.08.2023)

1-12-1 തൊഴിൽ നികുതി -ചട്ട പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നില്ല.

1. എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് സ്ഥാപനം നോട്ടീസ് നല്കാവുന്നതും നിശ്ചിത ഫോറത്തിൽ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെടാവുന്നതുമാണ്. (പഞ്ചായത്ത് രാജ് നിയമം 205ബി വകുപ്പ് കാണുക)

2. തൊഴിലുടമയോടോ , അവരുടെ പ്രതിനിധികളോടോ രണ്ടാം നമ്പർ ഫോറത്തിൽ തൊഴിലെടുക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നല്കേണ്ടതാണ്. [ 1996 – ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 16 ]

മേൽ നടപടിക്രമങ്ങൾ പാലിക്കപ്പെട്ടതായി കാണുന്നില്ല.

1-13 വസ്തു നികുതി -ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചു

വസ്തു നികുതി നിർണ്ണയ രജിസ്റ്റർ (സഞ്ചയ സോഫ്റ്റ്‌വെയറിലെ ഫോറം-6), മറ്റ് അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചപ്പോൾ 100 ച.മീറ്ററിൽ കൂടുതലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ 100 ച.മീറ്ററിൽ താഴെ വിസ്തീർണ്ണമുള്ളവ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി ഈടാക്കുന്നത് മൂലം പഞ്ചായത്തിന് നികുതി നഷ്ടം ഉണ്ടാകുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നിശ്ചയിച്ചിട്ടുള്ള നികുതി നിരക്ക്

| ഉപയോഗ ക്രമം | നിരക്ക് (ഒരു ച.മീറ്ററിന്) |
|---|---|
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 60 രൂപ. |
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണ് | 70 രൂപ. |

യഥാർത്ഥ ഉപയോഗ ക്രമത്തിനുള്ള വസ്തുനികുതി പ്രകാരം പഞ്ചായത്തിന്റെ തനതു വരുമാനത്തിൽ വർഷം തോറും ഉണ്ടായിക്കൊണ്ടിരിക്കുന്ന വരുമാന ചോർച്ച പ്രസ്തുത കെട്ടിടത്തിന്റെ ഫോറം 6 – ലെ വസ്തുനികുതി നിർണ്ണയ വിവരങ്ങൾ അടിസ്ഥാനമാക്കി കണക്കാക്കിയിട്ടുള്ളത് താഴെ ചേർക്കുന്നു.

കെട്ടിട നമ്പർ, ഉടമസ്ഥന്റെ പേര് - 3/763. കെ. വിനോദ്കുമാർ, കോലത്ത്കളം, മുട്ടിക്കുളങ്ങര.

നികുതി പ്രാബല്യത്തിൽ വന്ന തിയതി- 2020 രണ്ടാം അർദ്ധവർഷം.

ഒടുവിൽ നികുതി നിർണ്ണയിക്കപ്പെട്ടശേഷം ഘടനാപരമായ മാറ്റം വരുത്തിയിട്ടില്ല.

| | |
|---|---|
| ആകെ തറ വിസ്തീർണ്ണം | 135.78 ച.മീ |
| നിശ്ചയിച്ച അടിസ്ഥാന വസ്തുനികുതി (135.78x60) | 8146.8 രൂപ |
| നിശ്ചയിക്കേണ്ട അടിസ്ഥാന വസ്തുനികുതി (135.78x70) | 9504.6 രൂപ |
| നികുതി നഷ്ടം | 1357.8 രൂപ |

സ്ഥല പരിശോധന നടത്തി നികുതി പുനർനിർണയിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ മാറ്റങ്ങൾ വരുത്തി കുടിശ്ശികകൾ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 24/25.08.2023)

1-14 ഭവന പുനരുദ്ധാരണം - അപാകങ്ങൾ

| | | |
|---|---|---|
| പ്രൊജക്ട് നം., പേര് | 138/23, ഭവന പുനരുദ്ധാരണം (ജനറൽ) | 140/23, ഭവന പുനരുദ്ധാരണം (എസ് സി പി) |
| അടങ്കൽ | 1350000/- രൂപ (വികസന ഫണ്ട് - പൊതുവിഭാഗം) | 500000/- രൂപ (വികസന ഫണ്ട് - എസ് സി പി) |
| ചെലവ് | 825000/- രൂപ | 350000/- രൂപ |
| നിർവഹണം | വി ഇ ഓ | |

മേൽ പദ്ധതികൾ പ്രകാരം 54 ജനറൽ ഗുണഭോക്താക്കൾക്കും 10 എസ് സി ഗുണഭോക്താക്കൾക്കും വീട് വാസയോഗ്യമാക്കലിനായി ആനുകൂല്യം നൽകിയിട്ടുണ്ട്. പദ്ധതിയുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എ) സബ്സിഡി-ധനസഹായ മാർഗ്ഗരേഖ സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ തീയതി 28.05.2022 യിലെ ഖണ്ഡിക 6.7(4) പ്രകാരം വീട് വാസയോഗ്യമാക്കലിനായി ജനറൽ ഗുണഭോക്താവായ ഒരാൾക്ക് പരമാവധി 100000 രൂപയും എസ് സി ഗുണഭോക്താവായ ഒരാൾക്ക് പരമാവധി 150000 രൂപയും വകയിരുത്താവുന്നതാണ്. എന്നാൽ വീട് വാസയോഗ്യമാക്കൽ - പൊതു വിഭാഗം പദ്ധതി പ്രകാരം ഒരാൾക്ക് 25000 രൂപയും വീട് വാസയോഗ്യമാക്കൽ - എസ് സി പി പദ്ധതി പ്രകാരം ഒരാൾക്ക് 50000 രൂപയും മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ഇതുമൂലം അസി. എഞ്ചിനീയർ/ഓവർസിയർ നൽകിയിട്ടുള്ള വാല്യുവേഷൻ സർട്ടിഫിക്കറ്റ് പ്രകാരമുള്ള മുഴുവൻ തുകയും ഗുണഭോക്താക്കൾക്ക് നൽകാൻ സാധിച്ചിട്ടില്ല. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| 138/23, ഭവന പുനരുദ്ധാരണം (ജനറൽ) |
|---|

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | റഫ് എസ്റ്റിമേറ്റ് പ്രകാരമുള്ള തുക | വാല്യവേഷൻ സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക | പദ്ധതി പ്രകാരം നൽകിയ തുക |
|---|---|---|---|---|
| 1 | കുട്ടിവേലൻ, കാപ്പുകാട് | 34000 | 30000 | 25000 |
| 2 | ബഷീർ കുഞ്ഞാവ, പുനത്തിൽ | 34000 | 30000 | 25000 |
| 3 | സുശീല രാജൻ, കല്ലുപറമ്പ് | 34000 | 30000 | 25000 |
| 140/23, ഭവന പുനരുദ്ധാരണം (എസ് സി പി) | | | | |
| 1 | ധന്യ കെ എൽ, കുത്തലിൽ | 72500 | 60000 | 50000 |
| 2 | ജാനകി, പുത്തൻതൊടി | 70500 | 60000 | 50000 |
| 3 | തങ്കം, മേലെപ്പുര | 72500 | 55000 | 50000 |

2. സബ്സിഡി-ധനസഹായ മാർഗ്ഗരേഖ പ്രകാരം പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 8 വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമേ ഈ ധന സഹായത്തിന് അർഹതയുള്ളൂ. എന്നാൽ മേൽ പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കളുടെ കെട്ടിടങ്ങളുടെ കാലപഴക്കം തെളിയിക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3. പതിനാലാം പഞ്ചവത്സരപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (29.04.2022 ലെ സ.ഉ(കൈ)നം. 84/2022/തസ്വഭവ) ഖണ്ഡിക 14 പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രൊജക്റ്റുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. ഇത്തരത്തിൽ തയ്യാറാക്കിയിട്ടുള്ള മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചതായി കാണുന്നില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 09/23.08.2023) കൂടുതൽ തുക ലഭ്യമാക്കുന്നതിനാവശ്യമായ മേൽ നടപടികൾ സ്വീകരിക്കുന്നതാണെന്നും, മറ്റ് രേഖകൾ സൂക്ഷിക്കുന്നതാണെന്നുമുള്ള മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1) സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 1.4 പ്രകാരം സേവന-സാമൂഹിക-ക്ഷേമ മേഖലകളിലെ ഉന്നമനത്തിനായി ഒരു വ്യക്തിയോ/കുടുംബമോ ഏറ്റെടുത്ത് നടത്തുന്ന പ്രവർത്തനത്തെ സഹായിക്കുകയാണ് ധനസഹായം ലഭ്യമാക്കുന്നതുകൊണ്ട് ലക്ഷ്യമിടുന്നത്. ആയതിനാൽ ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി വീട് വാസയോഗ്യമാക്കൽ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് മുഴുവൻ ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിനാവശ്യമായ തുക വകയിരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2) പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 8 വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രം പദ്ധതി പ്രകാരമുള്ള ധനസഹായം നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

3) വീട് വാസയോഗ്യമാക്കൽ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾ എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും ഓവർസിയർ/എഞ്ചിനീയർ മൂല്യ നിർണ്ണയം നടത്തിയതിനു ശേഷം മാത്രം ധനസഹായം ലഭ്യമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

4) പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടെന്ന് മോണിറ്ററിംഗ് കമ്മിറ്റികൾ വിലയിരുത്തേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് പദ്ധതികളുടെ ഫയലിൽ സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

1-15 ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല – തുടർ നടപടി സ്വീകരിക്കേണ്ടതാണ്

ലൈഫ് ഭവന പദ്ധതി പ്രകാരം ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത എസ് സി ഗുണഭോക്താക്കളുടെ

വിവരം താഴെ ചേർക്കുന്നു. സ.ഉ. (എം.എസ്) 362/2013 ത.സ്വ.ഭ.വ തീയതി 16.11.2013 ലെ ഉത്തരവ് പ്രകാരം ഗുണഭോക്താക്കൾ ഭവന നിർമ്മാണം സമയ ബന്ധിതമായി പൂർത്തിയാക്കുമെന്നും, 12 വർഷത്തേക്ക് കൈമാറ്റം ചെയ്യില്ലെന്നും കരാറിൽ ഏർപ്പെടണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗുണഭോക്താക്കൾ നിർവ്വഹണ ഉദ്യോഗസ്ഥനുമായി ചമച്ച കരാറിലെ ഖണ്ഡിക 4 പ്രകാരം കരാർ ചമച്ച് 6 മാസത്തിനകം ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതാണെന്നും, ഖണ്ഡിക 7 ൽ പ്രവൃത്തി നിർവ്വഹിക്കാത്ത പക്ഷം 12% പലിശ സഹിതം കൈപ്പറ്റിയ തുക തിരിച്ചടവാക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതിനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10/23.08.2023) നൽകിയ മറുപടി പട്ടികയിലെ റിമാർക്സ് കോളത്തിൽ ചേർക്കുന്നു.

| എസ് സി | | | | | |
|---|---|---|---|---|---|
| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ ആകെ തുക | കൈപ്പറ്റാൻ ബാക്കി നിൽക്കുന്ന തുക | അവസാനം തുക കൈപ്പറ്റിയ തീയതി | റിമാർക്സ് |
| 1 | തങ്കമണി, W/o ആറുമുഖൻ, വലിയപറമ്പിൽ | 360000 | 40000 | 07.11.2022 | വീടിന്റെ റൂഫ് വരെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും വീട് പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് ബാക്കി ഗഡുകൾ നൽകുന്നതാണ്. |
| 2 | സുനിത, W/o സാന്തരാജ്, കാരക്കാട് | 40000 | 360000 | 30.09.2021 | ഭവന നിർമാണം ആരംഭിച്ചിട്ടില്ല. ഭരണ സമിതിയെ അറിയിച്ച് ആർ ആർ നടപടി സ്വീകരിക്കുന്നതാണ്. |
| 3 | പ്രിയ, W/o രാമചന്ദ്രൻ, ആലിങ്കുണ്ട് | 360000 | 40000 | 07.11.2022 | വീടിന്റെ റൂഫ് വരെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും വീട് പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് ബാക്കി ഗഡുകൾ നൽകുന്നതാണ്. |
| 4 | യശോദ, W/o ചന്ദ്രൻ, മമ്പള്ളികുന്ന് | 340000 | 60000 | 14.07.2022 | വീടിന്റെ റൂഫ് വരെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും വീട് പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് ബാക്കി ഗഡുകൾ നൽകുന്നതാണ്. |
| 5 | കുഞ്ഞു, W/o അപ്പു, പുലികുന്ന് | 360000 | 40000 | 07.11.2022 | വീടിന്റെ റൂഫ് വരെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും വീട് പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് ബാക്കി ഗഡുകൾ നൽകുന്നതാണ്. |
| 6 | സജിത, W/o ഹരിദാസൻ, പുനത്തിൽപറമ്പ് | 300000 | 100000 | 07.11.2022 | വീടിന്റെ ലിന്റൽ വരെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും വീട് പണി |

| | | | | | |
|---|---|---|---|---|---|
| | | | | | പൂർത്തീകരിക്കുന്ന മുറയ്ക്ക് ബാക്കി ഗഡുകൾ നൽകുന്നതാണ്. |
| 7 | കാർത്തിക് പി വി, S/o പ്രഭാകരൻ, പുനത്തിൽപറമ്പ് | 200000 | 200000 | 07.11.2022 | വീടിന്റെ ലിന്റൽ വരെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും വീട് പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് ബാക്കി ഗഡുകൾ നൽകുന്നതാണ്. |
| 8 | രജിത, W/o വിനോദ്, താളിക്കാട് | 360000 | 40000 | 09.02.2021 | വീടിന്റെ റൂഫ് വരെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും വീട് പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് ബാക്കി ഗഡുകൾ നൽകുന്നതാണ്. |
| 9 | തങ്ക, D/o കറുപ്പൻ, കണക്ക്പറമ്പ് | 40000 | 360000 | 02.07.2019 | ഗുണഭോക്താവ് മരണപ്പെട്ടു. അവകാശികൾ ഇല്ല. |
| 10 | ധനലക്ഷ്മി, W/o കുട്ടികൃഷ്ണൻ, മുണ്ടേക്കോട് | 40000 | 360000 | 27.07.2028 | ആർ ആർ നടപടി സ്വീകരിച്ചു. |
| 11 | ശ്യാമള, W/o രാജേഷ്, മുണ്ടിക്കളം | 360000 | 40000 | 19.01.2021 | വീടിന്റെ റൂഫ് വരെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും വീട് പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് ബാക്കി ഗഡുകൾ നൽകുന്നതാണ്. |
| ജനറൽ | | | | | |
| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ ആകെ തുക | കൈപ്പറ്റാൻ ബാക്കി നിൽക്കുന്ന തുക | അവസാനം തുക കൈപ്പറ്റിയ തീയതി | |
| 1 | ഫാത്തിമാബി, W/o ഇബ്രാഹീം, പുത്തൻപീടിയേക്കൽ | 300000 | 100000 | 02.07.2019 | വീടിന്റെ റൂഫ് വരെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും വീട് പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് ബാക്കി ഗഡുകൾ നൽകുന്നതാണ്. |
| 2 | സീമന, W/o സതീഷ്, കിഴക്കേതൈക്കുംകര | 360000 | 40000 | 08.11.2021 | ,, |
| 3 | മുരളി പി കെ, S/o കുഞ്ഞുമോൻ, പ്ലാച്ചിക്കാട് | 360000 | 40000 | 25.02.2022 | ,, |

ഓഡിറ്റ് നിർദ്ദേശം

1) ഭവന നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെയും ഭവന നിർമ്മാണം പൂർത്തിയാക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) ഭവന നിർമ്മാണം പൂർത്തിയാക്കുന്ന മുറയ്ക്ക് ബാക്കി നൽകുവാനുള്ള തുക അനുവദിക്കേണ്ടതാണ്.

3) ആദ്യ ഗഡു കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം ആരംഭിക്കാത്ത ഗുണഭോക്താക്കളിൽ നിന്നും നൽകിയ

തുക ആർ ആർ നടപടികളിലൂടെ ഈടാക്കി അറിയിക്കേണ്ടതാണ് (മേൽ പട്ടികയിലെ ക്രമ നം. 2 & 10).

4) ലൈഫ് പദ്ധതിയുടെ മോണിറ്ററിംഗ് കർശനമാക്കേണ്ടതും വർക്കിംഗ് ഗ്രൂപ്പ് തലത്തിൽ പദ്ധതിയുടെ പുരോഗതി വിലയിരുത്തേണ്ടതുമാണ്.

തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-16 ലൈഫ് ഭവന പദ്ധതി - വീട് പണിപൂർത്തീകരിച്ച ഗുണഭോക്താക്കൾ - തുടർനടപടി സ്വീകരിക്കേണ്ടതാണ്

1. വീട് പണിപൂർത്തീകരിച്ച ഗുണഭോക്താക്കളുടെ ഓണർഷിപ്പ് സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല

ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾക്ക് സ.ഉ.(ആർ.ടി)നം.3218/18/ത.സ്വ.ഭ.വ തീയതി 21.12.2018 പ്രകാരം കരാർ ചമയ്ക്കുമ്പോൾ 40000 രൂപ, തറയുടെ പണി പൂർത്തിയാക്കുമ്പോൾ 160000 രൂപ, ലിന്റൽ വാർപ്പ് വരെ 100000 രൂപ, മേൽക്കൂര പൂർത്തിയാക്കി വീട് വാസയോഗ്യമാക്കുമ്പോൾ 100000 രൂപ എന്നിങ്ങനെയാണ് ഗഡുക്കൾ നൽകേണ്ടത്. എന്നാൽ വീട് പണിപൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയിട്ടുള്ള ഗുണഭോക്താക്കൾക്ക് പഞ്ചായത്തിൽ നിന്നും കെട്ടിട നമ്പർ അനുവദിച്ചതിന്റെയും ഓണർഷിപ്പ് സർട്ടിഫിക്കറ്റ് നൽകിയതിന്റെയും രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇതുമൂലം യഥാർത്ഥ ലൈഫ് ഗുണഭോക്താവിന്റെ പേരിൽ തന്നെയാണോ പഞ്ചായത്തിൽ നിന്നും കെട്ടിട നമ്പർ അനുവദിച്ചിട്ടുള്ളതെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തുവാൻ സാധിക്കുന്നില്ല.

ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| എസ് സി | | | |
|---|---|---|---|
| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ ആകെ തുക | അവസാനം തുക കൈപ്പറ്റിയ തീയതി |
| 1 | സരസ്വതി W/o മോഹനൻ, തെക്കേക്കര | 400000 | 20.01.2023 |
| 2 | സുഷമ, D/o പൊന്നൻ, കിഴക്ക്മുറി | 400000 | 28.02.2023 |
| 3 | ബിന്ദു, W/o രാമചന്ദ്രൻ, ഇല്ലത്ത്കുന്ന് | 400000 | 20.01.2023 |
| 4 | രാജേഷ്, S/o രാമൻ, ചേത്തക്കാട് | 400000 | 03.07.2023 |
| 5 | ശാന്ത കെ സി, W/o ഉണ്ണികൃഷ്ണൻ, തെക്കേക്കര | 400000 | 13.07.2023 |
| 6 | സന്ധ്യ, W/o കൃഷ്ണദാസ്, നാമ്പുള്ളിപുര | 400000 | 14.07.2022 |
| ജനറൽ | | | |
| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ ആകെ തുക | അവസാനം തുക കൈപ്പറ്റിയ തീയതി |
| 1 | സരോജിനി W/o ചെറുക്കുട്ടി, വടക്കേക്കര | 400000 | 16.03.2020 |
| 2 | ലക്ഷ്മി, D/o നാരായണൻ, തിരുത്തിനി | 400000 | 27.08.2020 |
| 3 | തത്ത, W/o രാമൻ, പാലക്കീഴ് | 400000 | 29.09.2022 |
| 4 | ജ്യോതി, W/o | 400000 | 21.10.2021 |

| | | | |
|---|---|---|---|
| | ശിവദാസൻ, മന്ദത്ത് പറമ്പ് | | |
| 5 | രത്നകുമാരി ടി വി, W/o വാസു, പുനത്തിൽ | 400000 | 14.07.2022 |
| 6 | കുഞ്ഞിലക്ഷ്മി അമ്മ, W/o ഗോവിന്ദൻകുട്ടി നായർ, തോട്ടശ്ശേരി | 400000 | 14.07.2022 |

2. വീട് പണിപൂർത്തീകരിച്ച ഗുണഭോക്താക്കളെ സാംഖ്യയിൽ നിന്നും ഒഴിവാക്കിയിട്ടില്ല

വീട് പണിപൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയിട്ടുള്ള എല്ലാ ഗുണഭോക്താക്കളും നിലവിലും സാംഖ്യയിലെ ലൈഫ് ഗുണഭോക്താക്കളുടെ പട്ടികയിൽ ഉള്ളതായി കാണുന്നു. ഇതുമൂലം വീണ്ടും തുക കൈമാറാനുള്ള സാധ്യത നിലനിൽക്കുന്നു.

വീട് പണിപൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയിട്ടുള്ള ഗുണഭോക്താക്കളെ സാംഖ്യയിലെ ലൈഫ് ഗുണഭോക്താക്കളുടെ പട്ടികയിൽ നിന്നും ഒഴിവാക്കുവാനുള്ള സാധ്യത പരിശോധിച്ചിട്ടില്ല. ലൈഫ് ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് പദ്ധതി പ്രകാരം നൽകാവുന്ന പരമാവധി തുക മാത്രം നൽകാൻ കഴിയുന്ന തരത്തിൽ സാംഖ്യയിൽ ക്രമീകരണം നടത്തിയിട്ടില്ല.

മേൽ പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10/23.08.2023) വീട് പണിപൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയിട്ടുള്ള ഗുണഭോക്താക്കളുടെ ഓണർഷിപ്പ് സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിക്കുന്നതാണെന്നും, സാംഖ്യയിൽ നിന്നും റിമൂവ് ചെയ്യുവാനുള്ള നടപടി സ്വീകരിക്കുന്നതാണെന്നുമുള്ള മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. വീട് പണിപൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയിട്ടുള്ള ഗുണഭോക്താക്കളുടെ പേരിൽ തന്നെയാണ് പഞ്ചായത്തിൽ നിന്നും കെട്ടിട നമ്പർ അനുവദിക്കുന്നതെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിനായി ഓണർഷിപ്പ് സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

2. മേൽ പട്ടിക പ്രകാരമുള്ള ഗുണഭോക്താക്കളുടെ ഓണർഷിപ്പ് സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് നൽകേണ്ടതാണ്.

3. ലൈഫ് പദ്ധതിയുടെ മോണിറ്ററിംഗ് കർശനമാക്കേണ്ടതും വർക്കിംഗ് ഗ്രൂപ്പ് തലത്തിൽ പദ്ധതിയുടെ പുരോഗതി വിലയിരുത്തേണ്ടതുമാണ്.

4. വീട് പണിപൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയിട്ടുള്ള ഗുണഭോക്താക്കളെ സാംഖ്യയിലെ ലൈഫ് ഗുണഭോക്താക്കളുടെ പട്ടികയിൽ നിന്നും റിമൂവ് ചെയ്യുവാനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

5. ഓരോ പദ്ധതിയിലും ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട വ്യക്തിക്ക് മാത്രം അതത് പദ്ധതികളുടെ ആനുകൂല്യം നൽകാവുന്ന രീതിയിൽ സോഫ്റ്റ്‌വെയറുകളിൽ മാറ്റം വരുത്തുന്നതിന് ശുപാർശ നൽകാവുന്നതാണ്. കൂടാതെ ഒരു ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് അതത് പദ്ധതികളിൽ നൽകാവുന്ന പരമാവധി തുക മാത്രം നൽകാൻ കഴിയുന്ന തരത്തിലും ക്രമീകരണം ഉണ്ടാകേണ്ടതാണ്.

തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-17 പാലിയേറ്റീവ് പരിചരണം - പരിഷ്കരിച്ച സർക്കാർ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

പാലിയേറ്റീവ് പരിചരണം പദ്ധതി പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള കിടപ്പിലായ രോഗികളെ വീട്ടിൽ ചെന്ന് പരിചരിക്കുകയും ആവശ്യമായ മരുന്നുകളും സാമഗ്രികളും നൽകുകയും ചെയ്തു വരുന്നു. 07.03.2019 ലെ സ.ഉ(സാധാ) നം.553/2019/ത.സ്വ.ഭ.വ പ്രകാരം പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പഞ്ചായത്തിലെ സാന്ത്വന പരിചരണ പ്രവർത്തനങ്ങളുടെ

പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. 07.03.2019 ലെ സ.ഉ(സാധാ) നം.553/2019/ത.സ്വ.ഭ.വ പ്രകാരം പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 2.4.1 പ്രകാരം ആഴ്ചയിൽ 4 ദിവസമെങ്കിലും രാവിലെ 9.30 മുതൽ വൈകീട്ട് 4.30 വരെ ഏകദേശം 8 രോഗികളെ കാണാനാവുന്ന വിധത്തിൽ ഹോംകെയർ സന്ദർശനം ക്രമപ്പെടുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ ഹോംകെയർ ടീം ഈ നിർദ്ദേശം പാലിച്ചതായി കാണുന്നില്ല.

ഏതാനും ഉദാഹരണം താഴെ ചേർക്കുന്നു.

| പ്രൊജക്ട് നം. 34/23 – പാലിയേറ്റീവ് കെയർ | | |
|---|---|---|
| ക്രമ നം. | മാസം/വർഷം | ഹോംവിസിറ്റ് രജിസ്റ്റർ പ്രകാരം സന്ദർശനം നടത്തിയ ആകെ ദിവസം |
| 1 | ഏപ്രിൽ 2022 | 11 ദിവസം |
| 2 | മെയ് 2022 | 13 ദിവസം |
| 3 | ജൂൺ 2022 | 13 ദിവസം |
| 4 | ജൂലൈ 2022 | 13 ദിവസം |
| 5 | ഓഗസ്റ്റ് 2022 | 12 ദിവസം |

2. പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 2.9.2 പ്രകാരം പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (പി.എം.സി) രണ്ട് മാസത്തിലൊരിക്കലോ, ആവശ്യാനുസരണമോ യോഗം ചേരേണ്ടതും പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ വിലയിരുത്തി പരിഹാര നടപടികൾ നിർദ്ദേശിക്കേണ്ടതും മെമ്പർ സെക്രട്ടറി അവതരിപ്പിക്കുന്ന ഓരോ മാസത്തേയും റിപ്പോർട്ടും വരവ് ചെലവ് കണക്കുകളും അംഗീകരിക്കേണ്ടതുമാണ്.

എന്നാൽ പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റിയുടെ മിനട്സ് ബുക്ക് പരിശോധിച്ചതിൽ 2022-23 വർഷത്തിൽ 23.03.2023 ന് മാത്രമാണ് പി.എം.സി യോഗം ചേർന്നിട്ടുള്ളത്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/23.08.2023) മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

07.03.2019 ലെ സ.ഉ(സാധാ) നം.553/2019/ത.സ്വ.ഭ.വ പ്രകാരം പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം പഞ്ചായത്തിലെ സാന്ത്വന പരിചരണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-18 അംഗനവാടി പോഷകാഹാരം ജനറൽ- ചെലവുകൾ സുലേഖാ സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

2022-23 വർഷം ഐ.സി.ഡി.എസ്.സൂപ്പർവൈസർ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ അംഗനവാടി പോഷകാഹാരം ജനറൽ പദ്ധതി ചെലവ് സുലേഖാ സ്റ്റേറ്റുമെന്റുമായി പൊരുത്തപ്പെടുന്നില്ല.വിശദവിവരം താഴെ കൊടുക്കുന്നു

പ്രൊജക്ട്-42/23

അടങ്കൽ-3700000/-(മുപ്പത്തിയേഴ് ലക്ഷം രൂപ)

ചെലവ് സുലേഖാ പ്രകാരം -1717904/-(വികസനഫണ്ട് ജനറൽ)

577127/-(കേന്ദ്രാവിഷ്കൃത ഫണ്ട്)

ആകെ-2295031/-

ഈ പദ്ധതി നിർവഹണത്തിനായി ലഭ്യമായ കേന്ദ്രാവിഷ്കൃത ഫണ്ട് യഥാർത്ഥത്തിൽ 1070017/-ആണ് ചെലവ് ചെയ്തിരിക്കുന്നതെങ്കിലും സുലേഖാ സ്റ്റേറ്റ്മെന്റിൽ 577127/- രൂപയാണ് ചെലവ് കാണിച്ചിരിക്കുന്നത്.(492890/-കുറവ് ).കേന്ദ്രാവിഷ്കൃത ഫണ്ടിന്റെ ചെലവുവിവരം താഴെ കൊടുക്കുന്നു.

| ചെലവ് വൗച്ചർ പ്രകാരം | | |
|---|---|---|
| ക്രമ നം | ചെക്ക് നം,തിയ്യതി | തുക |
| 1 | LGTSB2517489/23.02.23 | 492890/-ചെലവ് സുലേഖയിൽ വന്നിട്ടില്ല |
| 2 | LGTSB2517498/09.03.23 | 44740/- |
| 3 | LGTSB2517497/10.03.23 | 190622/- |
| 4 | SBI 011988,011989/30.03.23 | 270667/- |
| 5 | SBI011987/30.03.23 | 71098/- |
| | ആകെ | 1070017/- |

മേൽപറഞ്ഞ വൗച്ചർ പ്രകാരമുള്ള ചെലവും സുലേഖാ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവും വ്യത്യാസപ്പെട്ടിരിക്കാനുള്ള കാരണത്തിന് (സുലേഖ സോഫ്റ്റ്വെയറിൽ തുക 492890 കുറവ് ) വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(20/24.08.23) മറുപടി ലഭ്യമാക്കിയിട്ടില്ല.. യഥാർത്ഥ ചെലവും ഗ്രാമപഞ്ചായത്തിലെ സുലേഖാ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവും ഏകീകൃതമാക്കേണ്ടതാണ്. എല്ലാ പദ്ധതി ചെലവുകളും സുലേഖ സോഫ്റ്റ്വെയറിലേക്ക് അപ്ഡേറ്റ് ചെയ്യേണ്ടതാണ്.

1-19 ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംങ് സിസ്റ്റം-പ്രവർത്തനം സംബന്ധിച്ച്

ഹരിതകേരളം മിഷനുവേണ്ടി കെൽട്രോൺ വികസിപ്പിച്ചെടുത്തിട്ടുള്ള സ്മാർട്ട് ഗാർബേജ് മോണിറ്ററിംങ് സിസ്റ്റം സോഫ്റ്റ്വെയർ മുഖേന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യ നിർമ്മാർജന പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി 2022-23 വർഷം ഗ്രാമ പഞ്ചായത്തിൽ പദ്ധതി നിർവഹണം നടത്തിയിട്ടുണ്ട്.വിശദ വിവരം താഴെ കൊടുക്കുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

പ്രൊജക്ട് അടങ്കൽ-204900/-വികസന ഫണ്ട് ജനറൽ

ചെലവ്-204900/-

ബിൽ നം , തുക

1) 11/25.06.2022-142900/-

2) 16/25.08.22- 62000/-(laptop-50000ഒരെണ്ണം ,QR Code - 12000(13000എണ്ണം)

മേൽപറഞ്ഞ ബിൽ തുക കെൽട്രോൺ ന് കൈമാറിയിട്ടുണ്ട്.കെൽട്രോണുമായി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി കരാർ ഒപ്പ് വച്ചിട്ടുണ്ട്. കരാർ ചമച്ച് 45ദിവസത്തിനുള്ളിൽ ലാപ്പ്ടോപ്പും ക്യൂ ആർ കോഡും സപ്ളൈ ചെയ്യുമെന്ന് കരാർ വ്യവസ്ഥ 2 പ്രകാരം നിശ്ചയിച്ചിട്ടുണ്ട്. നിലവിൽ ഈ പദ്ധതിയുടെ നിർവഹണത്തിനായി തുക ചെലവഴിച്ച വിവരം, മോണിറ്ററിംങ് റിപ്പോർട്ട്, മൊബൈൽ ആപ്പ് പ്രവർത്തനം തുടങ്ങിയ വിവരം , ഹരിത കർമ്മസേനകൾക്ക് സ്മാർട്ട് ഫോൺ , ഓഫീസിലേക്ക് ലാപ്പ്ടോപ്പ് എന്നിവ ലഭ്യമാക്കിയ വിവരം , QRകോഡ് എല്ലാ വാർഡുകളിലും സ്ഥാപിച്ച വിവരം , ഹരിത കർമ്മസേനക്ക് പരിശീലനം നൽകിയ വിവരം എന്നിവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/23.08.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ഹരിത മിത്രം സ്മാർട്ട് ഗാർബേജ് സിസ്റ്റത്തിന്റെ നിലവിലെ പ്രവർത്തന പുരോഗതി ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

1-20 ഹെഡ്മാസ്റ്റർ നിർവഹണം നടത്തിയ പ്രൊജക്ടുകളുടെ വിനിയോഗ വിവരം ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

2022-23 വർഷം ഹെഡ്മാസ്റ്റർ നിർവഹണം നടത്തിയ താഴെ പറയുന്ന പ്രൊജക്ടുകൾക്ക് സുലേഖാ സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവു വന്നതായി കാണുന്നു. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രൊജക്ട് അടങ്കൽ | ചെലവ് തുക |
|---|---|---|---|
| 1 | 228/23-എസ്.സി.എസ്.ടി വിദ്യാർത്ഥികൾക്ക് പഠനയാത്ര | 30000/- | 30000/- പ്രൊസീഡിംങ്ങ് നം 527/31.03.23 |

മേൽ പറഞ്ഞ പ്രൊജക്ട് നിർവഹണം സംബന്ധിച്ച് രേഖകൾ ലഭ്യമാക്കിയതിൽ രണ്ട് വ്യക്തികൾക്ക് തുക നൽകിയിരിക്കുന്നു.1)ജയേഷ്.എം.എ(10000/-)2) രാജീവ് .സി(20000). ഇതു സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്

1) മേൽ സൂചിപ്പിച്ച ആദ്യത്തെ വ്യക്തിക്ക് ഏത് ആവശ്യത്തിനാണ് തുക നൽകിയതെന്ന് വ്യക്തമല്ല. വൗച്ചറുകൾ ഇല്ല

2)രണ്ടാമത്തെ വ്യക്തിക്ക് തുക നൽകിയതിന് ലഭ്യമാക്കിയ ടൂറിസ്റ്റ് ടാക്സി രസീതിൽപുറപ്പെടുന്ന സ്ഥലം, എത്തിയ സ്ഥലം തുടങ്ങി യാത്രാ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

3) ഗവ:വെൽഫെയർ സ്കൂൾ, എഴക്കാട്(12), ഗവ:എൽ.പി.സ്കൂൾ, പൂതനൂർ(7), St.ഡൊമനിക്ക് എ.യു.പി സ്കൂൾ, എഴക്കാട്(13), NNMB.സ്കൂൾ, മുണ്ടൂർ(1) എന്നീ സ്ഥാപനങ്ങളുടെ, കുട്ടികളുടെ അർഹത നിർണ്ണയിച്ച വിവരം ലഭ്യമല്ല.

4) പതിനാലാം പദ്ധതി മാർഗ്ഗരേഖ *28.05.22തിയ്യതിയിലെ സ.ഉ.(കൈ) നം 115/22/lsgd ഖണ്ഡിക* 8.4 അനുസരിച്ച് ഉത്പാദന പരമല്ലാത്ത പ്രവർത്തനങ്ങൾ ഒഴിവാക്കാനും ചെലവു ചുരുക്കാനും നിർദേശിച്ചിട്ടുണ്ട്. പ്രത്യേകം അനുവദിക്കപ്പെട്ടിട്ടുള്ളവ ഒഴികെയുള്ള ഉല്ലാസ പഠന യാത്രകൾ ,മേളകൾ എന്നിവ ഒഴിവാക്കാൻ നിർദേശമുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/24.08.23) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. സർക്കാർ മാർഗ്ഗനിർദേശങ്ങൾക്കനുസൃതമായി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-21 എസ്.എസ്.കെ പദ്ധതിക്കായി പഞ്ചായത്ത് വിഹിതം നൽകൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

2022-23 വർഷം ഹെഡ്മാസ്റ്റർ നിർവഹണം നടത്തിയ എസ്.എസ്.കെ പദ്ധതിക്കായി പഞ്ചായത്ത് വിഹിതം നൽകൽ(എസ്.സി.പി ,ജനറൽ) പ്രൊജക്ടിൽ താഴെ പറയുന്ന തുക സുലേഖാ സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവു വന്നതായി കാണുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രൊജക്ട് അടങ്കൽ | ചെലവ് തുക |
|---|---|---|---|
| 1 | 121/23-SSK പദ്ധതിക്കായി പഞ്ചായത്ത് വിഹിതം (Scp) വികസനഫണ്ട് | 300000/- | 300000/- |
| 2 | 117/23-SSK പദ്ധതിക്കായി പഞ്ചായത്ത് വിഹിതം (General) | 400000/- | 400000/- |

മേൽ പറഞ്ഞ പ്രൊജക്ടുകൾക്കു വേണ്ടി ജില്ലാ പ്രൊജക്ട് ഓഫീസർ, SSA ക്ക് തുക നൽകിയതിന്റെ വിവരം, വിനിയോഗിച്ച വിവരം എന്നിവ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.(19/24.08.23)

### 1-22 തെരുവുവിളക്ക് പരിപാലനം

1994 ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ പട്ടിക III ലെ ക്രമ നമ്പർ 15 പ്രകാരം തെരുവു വിളക്കുകൾ സ്ഥാപിക്കേണ്ടതും പരിപാലിക്കേണ്ടതും ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. ഗ്രാമപഞ്ചായത്തിലെ തെരുവു വിളക്കുകളുടെ പരിപാലനത്തിലെ കാര്യക്ഷമത, വൈദ്യുതി

ചാർജിനത്തിലും തെരുവുവിളക്കു സ്ഥാപിക്കൽ പ്രവൃത്തികൾക്കുമായി ചെലവഴിക്കേണ്ടി വരുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1) ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ 874070/-രൂപ കെ.എസ്.ഇ.ബി മുണ്ടൂർ, ഇലക്ട്രിക്കൽ സെക്ഷനിൽ ആകെ അടവാക്കിയിട്ടുണ്ട്. ഓഡിറ്റ് കാലയളവിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി വയ്ക്കൽ, തെരുവുവിളക്ക് റിപ്പയറിംങ്, തെരുവുവിളക്ക് സാമഗ്രി വാങ്ങൽ, സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ എന്നിവയ്ക്കായി താഴെ പറയുന്ന ചെലവുകൾ ഗ്രാമപഞ്ചായത്തിൽ നടന്നിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് നമ്പർ | അടങ്കൽ | ചെലവ് തുക | ഫണ്ട് |
|---|---|---|---|---|
| 1 | 120/23തെരുവുവിളക്ക് സാധനസാമഗ്രികൾ വാങ്ങൽ | 300000/- | 68387/- | CFC |
| 2 | 249/23SO തെരുവുവിളക്ക് പരിപാലനം | 294600/- | 45000/- | തനതുഫണ്ട് |
| 3 | 119/23തെരുവുവിളക്ക് പരിപാലനം | 200000/- | 98000/- | തനതുഫണ്ട് |
| 4 | 33/23 വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 1300000/- | 397956/-<br>500000/-<br>897956/- | വികസന ഫണ്ട്<br>CFC |
| 5 | 221/23<br>തെക്കുംമ്പുറം എസ്.സി.കോളനി റോഡിലെ പോസ്റ്റുകൾ മാറ്റി സ്ഥാപിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 100000/- | 99784/- | വികസന ഫണ്ട്.SCP |
| 6 | 50/23SO തെരുവുവിളക്കു സാധന സാമഗ്രികൾ വാങ്ങൽ | 16131<br>202971<br>219102 | 16131/-<br>182295/-<br>198426 | വികസനഫണ്ട് G<br>തനതുഫണ്ട് |
| | ആകെ | | 1605979/- | |

തെരുവുവിളക്കു പരിപാലനം ഗ്രാമ പഞ്ചായത്തിന്റെ അടിസ്ഥാന ചുമതലയാണെന്നിരിക്കെ തെരുവുവിളക്ക് വൈദ്യുതി ചാർജിനത്തിലും തെരുവു വിളക്കു പരിപാലനവുമായി ബന്ധപ്പെട്ട റിപ്പയർ , ലൈൻ വലിക്കൽ , പോസ്റ്റ് മാറ്റി സ്ഥാപിക്കൽ എന്നീ ഇനങ്ങൾക്കുമായി ഗ്രാമ പഞ്ചായത്തിന് വലിയൊരു തുക ചെലവു വരുന്നുണ്ട് . തെരുവുവിളക്കു പരിപാലനം സംബന്ധിച്ച് താഴെ പറയുന്ന വിഷയങ്ങൾക്കുള്ള മറുപടി സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/19.08.23)മറുപടി ലഭ്യമായിട്ടില്ല .

1) ഗ്രാമപഞ്ചായത്തും കെ.എസ്.ഇ.ബി യുമായി സംയുക്തപരിശോധന നടത്തി തെരുവുവിളക്കുകളുടെ വിവരം നിജപ്പെടുത്തിയിട്ടില്ല.

2)വാർഡ് അടിസ്ഥാനത്തിൽ ഏതൊക്കെ ഇനങ്ങളിലുള്ള ബൾബുകളാണ് ഉള്ളതെന്ന് തെരുവുവിളക്കു രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

3) തെരുവുവിളക്ക് ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ, കേടായ സാധാനങ്ങൾ എഴുതി വയ്ക്കുന്ന രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് രജിസ്റ്റർ, സാമ്പത്തിക വർഷം അവസാനം സ്റ്റോക്ക് ഇൻ രജിസ്റ്ററും സ്റ്റോക്ക് ഔട്ട് രജിസ്റ്ററും റീ കൺസൈൽ ചെയ്ത വിവരം ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല

4) ഗ്രാമപഞ്ചായത്തുകൾ തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ് അടയ്ക്കുന്നതിലെ കൃത്യത ഉറപ്പുവരുത്തുന്നതിനായി മീറ്റർ സമ്പ്രദായം ഏർപ്പെടുത്താമെന്ന് ബി.ഒ. (എഫ്. ബി.)നമ്പർ 496 / 2004 (എൽ.ജി /സി.ഒ .എം. 3515/ 98 തീയ്യതി 23.02.2004 കെ.എസ്.ഇ.ബി. ബോർഡ് സെക്രട്ടറി ) പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട് .പഞ്ചായത്തിലെ തെരുവിളക്കുകൾക്ക് മീറ്ററിങ്ങ് സമ്പ്രദായം നടപ്പിലാക്കിയതിന്റെ വിവരം ലഭ്യമായില്ല.

5)എല്ലാ വാർഡിലുമുള്ള തെരുവുവിളക്കുകൾ ഘട്ടം ഘട്ടമായി മീറ്ററിംങ്ങ് ആക്കാൻ നടപടി സ്വീകരിച്ച വിവരം ലഭ്യമല്ല.

7) മുകളിൽ സൂചിപ്പിച്ച ഖണ്ഡികയിലെ ക്രമ നം 6 പ്രകാരം സ്പിൽ ഓവർ പ്രൊജക്ടായി തെരുവുവിളക്ക് സാധന സാമഗ്രികൾ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിക്കുകയും ഏറ്റവും കുറവ് ക്വാട്ട് ചെയ്ത ഏഷ്യൻ മാർക്കറ്റിംങ്ങ് വാഴക്കാട് , മലപ്പുറത്തിന് 14/09/22 ലെ A3-4166/22നം കത്ത് പ്രകാരം സപ്ളൈ ഓർഡർ നൽകിയതായി കാണുന്നു. അതുപ്രകാരം തെരുവുവിളക്ക് സാധന സാമഗ്രികൾ ഗ്രാമപഞ്ചായത്തിലേക്ക് ലഭ്യമായതിന്റെ വിവരം, ആയത് സ്റ്റോക്കിലെടുത്തതിന്റെയും കേടുവന്നവ മാറ്റുന്നതനുസരിച്ച് ബാലൻസ് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത വിവരവും ലഭ്യമല്ല.

8) ക്രമ നം.6 കൂടാതെ ക്രമ നം 1 ൽ പുതുതായി പ്രൊജക്ട് വച്ച് തെരുവുവിളക്ക് സാധന സാമഗ്രികൾ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിക്കുകയും ഏറ്റവും കുറവ് ക്വാട്ട് ചെയ്ത AK എൻജിനീയറിംങ്ങ് കമ്പനി കാഞ്ഞാണി, തൃശ്ശൂർക്ക് തുക 68387/-( ബിൽ നം 368/03.03.23) നൽകിയതായി കാണുന്നു. അതുപ്രകാരം തെരുവുവിളക്ക് സാധന സാമഗ്രികൾ ഗ്രാമ പഞ്ചായത്തിലേക്ക് ഇൻവോയ്സ് നം 164/16.02.2023 സാമഗ്രികൾ സപ്ലൈ ചെയ്തിട്ടുണ്ട്, ആയത് സ്റ്റോക്കിലെടുത്തതിന്റെയും കേടുവന്നവ മാറ്റുന്നതനുസരിച്ച് ബാലൻസ് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത വിവരം ലഭ്യമല്ല.

9) ക്രമ നം.3 പ്രകാരം തെരുവു വിളക്ക് പരിപാലനത്തിനായി അടാട്ട് മാതൃകയിൽ ഗ്രാമ പഞ്ചായത്തിലെ 18 വാർഡുകളിലും തെരുവുവിളക്ക് അറ്റകുറ്റപണികൾ നടത്തുന്നതിനായി ഇലക്ട്രീഷ്യനെ നിയമിക്കുന്നതിന് 700/-രൂപ വച്ചും 2 പേർക്കും റിപ്പയർ പ്രവൃത്തിക്കായി സാധന സാമഗ്രികൾ സ്ഥലത്തെത്തിക്കുന്നതിനും തിരികെ കൊണ്ടു വരുന്നതിനും വാഹന വാടകയിനത്തിൽ ദിനം 300/-രൂപയും നിശ്ചയിച്ച് പ്രൊജക്ട് വച്ചിരിക്കുന്നു. ഈ പ്രൊജക്ട് നിർവഹണം സംബന്ധിച്ച് താഴെ പറയുന്ന വിഷയങ്ങൾക്ക് മറുപടി നൽകേണ്ടതാണ്.

A) 2022-23 വർഷം ഹരിദാസ് ടി.സി.എന്ന വ്യക്തിയെ ഭരണ സമിതി 23.06.23ലെ2(3)നം തീരുമാന പ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി പ്രവൃത്തിക്ക് ടെണ്ടർ നടപടി സ്വീകരിച്ചതായി കാണുന്നില്ല. തുടർച്ചയായി ഒരു വ്യക്തിക്കു തന്നെയാണ് ടി പ്രവൃത്തി നൽകിയിട്ടുള്ളത് . ടി വ്യക്തിയുമായി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി കരാർ വച്ചിട്ടില്ല.

B)ടി വ്യക്തി മതിയായി ഇൻഷ്വർ ചെയ്തിട്ടുണ്ടോ എന്ന് സെക്രട്ടറി ഉറപ്പുവരുത്തിയിട്ടില്ല.

C) ദിവസ വേതനത്തിന് ജോലിചെയ്യുന്ന ഇവരുടെ ലേബർ റിപ്പോർട്ട്, മസ്റ്റർ റോൾ എന്നിവ ലഭ്യമായിട്ടില്ല.

D) വാർഡ് തലത്തിൽ മോണിറ്റർ നടത്തിയ വിവരം മോണിറ്ററിംങ്ങ് കമ്മിറ്റിയുടെ റിപ്പോർട്ട് പ്രവർത്തനപുരോഗതി വിവരം ലഭ്യമായില്ല.

E)തെരുവുവിളക്ക് സംബന്ധിച്ച പരാതി രജിസ്റ്റർ പരിശോധിച്ച് മാറ്റി സ്ഥാപിക്കേണ്ട തെരുവുവിളക്കുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായി വരുന്ന ദിനങ്ങൾ മുൻകൂട്ടി നിശ്ചയിച്ച് കരാർ കാലാവധി പരിമിതിപ്പെടുത്തി ടെണ്ടർ/ക്വട്ടേഷൻ നടപടിക്രമങ്ങൾ പാലിച്ച് വാഹനങ്ങൾ വാടകക്ക് എടുത്തതായി കാണുന്നില്ല. പരാതി രജിസ്റ്റർ മെയിന്റനൻസ് ടീമിന് കൈമാറി പരാതി പരിഹരിച്ച വിവരം രേഖപ്പെടുത്തിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയായ തെരുവുവിളക്കു പരിപാലനം കാര്യക്ഷമമാക്കാൻ

നടപടികളെടുക്കേണ്ടതാണ്.

1-23 വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

2022-23 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി 3, 5, 12, 13, 15 വാർഡുകളിൽ സ്ട്രീറ്റ് ലൈൻ മെയിൻ എക്സ്റ്റൻഷൻ പ്രവൃത്തി നടത്തുന്നതിനായി KSEB യിൽ നിന്ന് എസ്റ്റിമേറ്റ് ലഭ്യമാക്കി തുകകൈമാറിയിട്ടുണ്ട്. കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ്, മുണ്ടൂർ ഇലക്ട്രിക്കൽ സെക്ഷനുകളിലേക്ക് ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി കൈമാറിയ തുകകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | ബിൽ നം. , ബിൽ തിയ്യതി | ബിൽ തുക | പ്രൊജക്ട് അടങ്കൽ |
|---|---|---|---|---|
| 1 | 33/23 വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 29/ 23.11.22 | 397956/- വികസന ഫണ്ട് ജനറൽ | 400000/- |
| | | 162/ 21.11.22 | 500000/- CFC | 900000/- |
| 2 | 221/23തെക്കുമ്പുറം എസ്.സി.കോളനി റോഡിലെ പോസ്റ്റുകൾ മാറ്റി സ്ഥാപിച്ച് തെരുവുവിളക്ക് സ്ഥാപിക്കൽ | 40/ 18.03.23 | 99784/- വികസന ഫണ്ട് SCP | 100000/- |
| | ആകെ | | 997740/- | 1400000/- |

നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ച് കെ.എസ്.ഇ.ബി. മുണ്ടൂർ ഇലക്ട്രിക്കൽ സെക്ഷനിൽ നിന്ന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായ വിവരം അന്വേഷിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/19.08.23) മറുപടി ലഭ്യമാക്കിയതിൽ ക്രമ നം 2 ലെ പ്രവൃത്തിക്ക് വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടുണ്ട്. ക്രമ നം 1 പ്രകാരമുള്ള പ്രവൃത്തിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനായി കെ.എസ്.ഇ.ബി ക്ക് കത്തയച്ചിട്ടുണ്ട് എന്ന് മറുപടി നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-24 സ്നേഹ സ്പർശം പദ്ധതി - വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

വൃക്ക, കരൾ മാറ്റിവെക്കപ്പെട്ടവരും, ഹീമോഫീലിയ രോഗികൾ എന്നിവർക്കും ചികിത്സയും ധനസഹായവും നൽകുന്നതിനുവേണ്ടിയുള്ള സ്നേഹ സ്പർശം പദ്ധതി നടപ്പിലാക്കുന്നതിനായി ജില്ലാപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ഗ്രാമ പഞ്ചായത്ത് വിഹിതമായി തുക കൈമാറിയിട്ടുണ്ട്.വിശദവിവരം താഴെ കൊടുക്കുന്നു

നിർവഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

പ്രൊജക്ട് അടങ്കൽ-200000/- , വികസന ഫണ്ട് ജനറൽ

ചെലവ്-200000/-

(ബിൽ നം -24/07.11.2022 )

വിനിയോഗ വിവരം സംബന്ധിച്ച് ഗ്രാമ പഞ്ചായത്തിൽ നിന്ന് 11/08/23 ൽ കത്തയച്ചതായി കാണുന്നു.

നിലവിൽ യഥാർത്ഥ ഗുണഭോക്താവിന് ഈ തുക ഫലപ്രദമായി നൽകാൻ കഴിഞ്ഞോ എന്ന വിവരം അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/19.08.23) വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാകുന്നമുറക്ക് ഓഡിറ്റിനു ലഭ്യമാക്കാമെന്നാണ് മറുപടിയായി അറിയിച്ചിട്ടുള്ളത്.

1-25 പ്രവൃത്തികളിൽ നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വെച്ചിട്ടില്ല.

അസി. എഞ്ചിനീയിർ നിർവ്വഹണ ഉദ്യോഗസ്ഥനായ താഴെ സൂചിപ്പിക്കുന്ന പ്രവൃത്തികളിൽ നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വെച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സ.ഉ (പി) നം. 13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇത്തരം നടപടികൾ സ്വീകരിക്കാത്ത പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ഈ പ്രവൃത്തികളിൽ സമയപരിധിയ്ക്കകം എഗ്രിമെന്റ് ഒപ്പ് വെയ്ക്കാതെ കരാറിൽ ഏർപ്പെട്ട് തുക അനുവദിച്ചപ്പോൾ ഫൈനൽ ബിൽ അനുവദിയ്ക്കുമ്പോൾ പോലും പഞ്ചായത്തിന് അർഹതപ്പെട്ട ഫൈൻ ഈടാക്കാതെയാണ് കരാറുകാരന് തുക അനുവദിച്ചത്.

| ക്രമ നം. | പ്രവൃത്തി, എ.പി.എ.സി ബിൽ നം./ തീയതി | ടെണ്ടർ അംഗീക രിച്ച തീയതി | സെലക്ഷൻ നോട്ടീസ് അയച്ച തീയ്യതി | എഗ്രിമെന്റ് തീയതി, കരാറുകാരൻ | ഈടാക്കേ ണ്ടിയിരുന്ന പിഴ(1%) ₹ | ഈടാക്കി യത് ₹ | ബാക്കി ഈടാക്കേ ണ്ടത് ₹ |
|---|---|---|---|---|---|---|---|
| 1. | SO 163/23- പന്നിയംപാടം കുടിവെള്ള പദ്ധതി<br>311192<br>ബിൽ നം.- പാർട്ട് ബിൽ 46/29-3-22, 123773/-47 /31-3-2023- 179831/-<br>ആകെ 303604/- | 22-5-2021 | - | 9/AE/LSGD /MDR/21-6-2021<br>സൗധാകരൻ.കെ.ആർ | 3112 | 0 | 3112 |
| 2 | SO 162/23- ചവിട്ടുപറമ്പ് കുടിവെള്ള പദ്ധതി<br>189912<br>ബിൽ നം.- 10/27-7-22, 85580/- 11/27-7-2022- 82278/-<br>ആകെ 167858/- | 22-5-2021 | - | 19/AE/LSGD /MDR/1-7-2021<br>ഷംസുദീൻ.ടി.യു. | 1899 | 0 | 1899 |
| 3 | SO75/23- കല്ലിപ്പാറ കണ്ടംപിഷാരം റോഡ് റീടാറിങ്ങ്<br>759931<br>ബിൽ | 26-3-2022 | 26-3-2022 | 15/AE/LSGD /MDR/27-4-2022<br>റെജി.കെ. ഇട്ടൻ | 7599 | 0 | 7599 |

| | | | | | | | |
|---|---|---|---|---|---|---|---|
| | നം.-30/25-3-2023 759931/- | | | | | | |
| 4 | SO/23- തെക്കേക്കര റോഡ് ഫോർമേഷൻ 224370 ബിൽ നം.-19/22-10-2022 224370/- | 25-2-2022 | 20-3-2022 | 11/AE/LSGD /MDR/7-4-2022 സുരേഷ് ബാബു.കെ. | 2243 | 0 | 2243 |
| 5 | SO 105/23- മദ്രസ അങ്കണവാടി മെയിന്റനൻസ് 441683 ബിൽ നം.-18/14-10-2022 492374/- | 26-3-2022 | - | 14/AE/LSGD /MDR/27-4-2022 ഷംസുദ്ദീൻ.ടി.യു. | 4417 | 0 | 4417 |
| 6 | SO-084/23- എതിർമല കാപ്പുകാട് കുടിവെള്ള പദ്ധതി 399329 വൗച്ചർ നം.-25/28-3-2023 200962/- | 26-3-2022 | - | 9/AE/LSGD /MDR/27-4-2022 ബിനുക്കുട്ടൻ .ജി. | 3993 | 0 | 3993 |
| 7 | SO-084/23- മണലിപ്പൊറ്റ അഴുക്ക് ചാൽ നിർമാണം 169450 വൗച്ചർ നം.-23/28-3-2023 199951/- | 20-12-2022 | - | 45/AE/LSGD /MDR/17-1-2023 ഷംസുദ്ദീൻ.ടി.യു. | 1695 | 0 | 1695 |
| 8 | SO-31/23- മീനങ്ങാടി കുടിവെള്ള പദ്ധതി 125370 വൗച്ചർ നം.-28/28-3-2023 136624/- | 20-12-2022 | - | 28/AE/LSGD /MDR/17-1-2023 സുധാകരൻ.കെ.ആർ | 1253 | 0 | 1253 |
| 9 | SO-107/23- FHC ഭൗതികസൗകര്യം ഒരുക്കൽ 520251 വൗച്ചർ നം.-26/30-9-2022 512359/- | 26-3-2022 | - | 17/AE/LSGD /MDR/16-5-2022 പി.രാജേഷ് | 5203 | 0 | 5203 |
| ആകെ | | | | | | | 31414 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 8/22-8-2023, 14/23-8-2023, 26/28-8-2023 എന്നിവ) ലഭ്യമാക്കിയ മറുപടിയിൽ കരാറുകാർക്ക് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും അവർ തുകകൾ അടവാക്കുന്ന മുറയ്ക്ക് വിവരം അറിയിക്കാമെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. കരാറുകാർ തുക അടവാക്കുന്നത് വരെ പിഴ ഇനത്തിൽ ഈടാക്കേണ്ട തുക 31414 രൂ. ഫൈനൽ ബിൽ അനുവദിച്ച അസിസ്റ്റന്റ് എഞ്ചിനീയറുടെ വ്യക്തിപരമായ ബാധ്യതയായി ഓഡിറ്റിൽ നിശ്ചയിക്കുന്നു.

1-26 പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും പിഴ ഈടാക്കിയിട്ടില്ല.

അസി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെസൂചിപ്പിക്കുന്ന പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയ ിട്ടും പിഴ ഈടാക്കിയിട്ടില്ല .

താഴെ പറയുന്ന പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും G.O.(P) No. 13/2012/PWD, Dt 1-2-2012 മുഖേന പ്രസിദ്ധീകരിച്ച 2012 ലെ PWD Manual ലെയും കരാറുകാരനും അസിസ്റ്റന്റ് എഞ്ചിനീയറും തമ്മിലുണ്ടാക്കിയ കരാറിലെയും വ്യവസ്ഥപ്രകാരം ഈടാക്കേണ്ട പിഴ ഈടാക്കിയിട്ടില്ല.

പ്രവൃത്തി പൂർത്തീകരണം വൈകിയാൽ കരാറുകാരന്റെ അപേക്ഷയിൻമേൽ തീരുമാനമെടുത്ത് സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കണം എന്നും പ്രവൃത്തിപൂർത്തീകരണം വൈകിയതിന് താഴെസൂചിപ്പിച്ചിട്ടുള്ള നിരക്കിൽ പിഴ ഈടാക്കണം എന്നും മാനുവലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.

Fine For Extension Of Time

| Period | Rate Of Fine |
|---|---|
| First Extension ( Shall Not Exceed 25% Of The Original Time Or Six Months Whichever Is Less) | 1% Of The PAC Subject To A Minimum Of Rs. 1000 And Maximum Of Rs. 50000 |
| Beyond First Extension | 2% Of The PAC Subject To A Minimum Of Rs. 2000 And Maximum Of Rs. 100000 |

പ്രവൃത്തി പൂർത്തീകരണം വൈകിയിട്ടും പിഴ ഈടാക്കാത്ത പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1) പ്രോജക്ടിന്റെ നം. , പേര് : SO 163/23- പന്നിയംപാടം കുടിവെള്ള പദ്ധതി

| | |
|---|---|
| ചെലവ്: , ബിൽ നം. , തീയ്യതി | ആകെ303604<br>ബിൽ നം.46/29-3-22, 123773/-<br>ബിൽ നം.-47/31-3-2023-179831/- |
| കരാർ നം., അളവു പുസ്തകം: | 9/AE/LSGD /MDR/21-6-2021<br>MB No. 739/20-21 |
| പി.എ.സി. | 311192 |
| കരാറുകാരൻ: | സൗധാകരൻ.കെ.ആർ |
| സ്ഥലം കൈമാറിയ തീയ്യതി. | 21-6-2021 |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: | 20-2-2022 |
| പൂർത്തീകരിച്ച തീയ്യതി: | 13-3-23 |
| ഈടാക്കേണ്ട പിഴ (3%) | 9336 |
| ഈടാക്കിയത് | 0 |
| ഈടാക്കിയതിൽ കുറവ്: | 9336 |

പ്രവൃത്തി പൂർത്തീകരണത്തിനായി 8 മാസം അനുവദിച്ചിട്ടുള്ള (ടെക്നിക്കൽ സാങ്ഷൻ പ്രകാരം) ഈ പ്രവൃത്തിയിൽ പ്രവൃത്തി പൂർത്തീകരണത്തിനായി സമയം ദീർഘിപ്പിച്ച് ലഭിക്കുന്നതിനായി കരാറുകാരൻ 2 പ്രാവശ്യം അപേക്ഷ നൽകുകയും ആദ്യ അപേക്ഷയിൽ 4മാസം സമയം ദീർഘിപ്പിക്കുന്നതിന് (20-6-2022വരെ) അസി.എഞ്ചിനീയർ തീരുമാനമെടുത്തതായും രേഖകൾ ഉണ്ട്. എന്നാൽ ഇത് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകരിക്കുകയോ ഭരണസമിതി അംഗീകരിച്ച് തീരുമാനം എടുക്കുകയോ ചെയ്തിട്ടില്ല. വീണ്ടും പ്രവൃത്തി പൂർത്തീകരണത്തിനായി സമയം ദീർഘിപ്പിച്ച്

ലഭിക്കുന്നതിനായി കരാറുകാരൻ അപേക്ഷ നൽകുകയും ടി അപേക്ഷയിൽ 4മാസം സമയം ദീർഘിപ്പിക്കുന്നതിന് (20-10-2022വരെ) അസി.എഞ്ചിനീയർ തീരുമാനമെടുത്തതായും രേഖകൾ ഉണ്ട്. എന്നാൽ ഇതും അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകരിക്കുകയോ ഭരണസമിതി അംഗീകരിച്ച് തീരുമാനം എടുക്കുകയോ ചെയ്തിട്ടില്ല. തുടർന്ന് വീണ്ടും പ്രവൃത്തി പൂർത്തീകരണത്തിനായി സമയം ദീർഘിപ്പിച്ച് ലഭിക്കുന്നതിനായി കരാറുകാരൻ അപേക്ഷ നൽകുകയും ടി അപേക്ഷയിൽ 4 മാസം സമയം ദീർഘിപ്പിക്കുന്നതിന് (28-2-2023 വരെ) അസി.എഞ്ചിനീയർ തീരുമാനമെടുത്തതായും രേഖകൾ ഉണ്ട്. എന്നാൽ ഇതും അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകരിക്കുകയോ ഭരണസമിതി അംഗീകരിച്ച് തീരുമാനം എടുക്കുകയോ ചെയ്തിട്ടില്ല. ഇപ്രകാരം പ്രവൃത്തി പൂർത്തീകരണ സമയം സംബന്ധിച്ച് മരാമത്ത് ചട്ടങ്ങളിലെ വ്യവസ്ഥകളെല്ലാം (രണ്ടു പ്രവശ്യം മാത്രമാണ് സമയം ദീർഘിപ്പിച്ച് നൽകാവുന്നത് എന്നതും പ്രവൃത്തി പൂർത്തീകരണ സമയത്തിന്റെ പരമാവധി 50% മാത്രമാണ് നീട്ടി ആയത് നൽകാവുന്നത് എന്നതും) ലംഘിച്ച് പ്രവൃത്തി നിർവ്വഹണം നടത്തിയത് ക്രമപ്രകാരമല്ല.

2) പ്രോജക്ടിന്റെ നം. , പേര് : SO 162/23- ചവിട്ടുപറമ്പ് കുടിവെള്ള പദ്ധതി

| | |
|---|---|
| ചെലവ്: , ബിൽ നം. , തീയ്യതി | ബിൽ നം.- 10/27-7-22, 85580/-<br>ബിൽ നം.-11/27-7-2022- 82278/-<br>ആകെ 167858/- |
| കരാർ നം., അളവു പുസ്തകം: | 19/AE/LSGD /MDR/1-7-2021<br>MB No. 15/20-21 |
| പി.എ.സി. | 189912 |
| കരാറുകാരൻ: | ഷംസുദീൻ.ടി.യു. |
| സ്ഥലം കൈമാറിയ തീയ്യതി. | 1-7-2021 |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: | 1-1-2022 |
| പൂർത്തീകരിച്ച തീയ്യതി: | 21-3-22 |
| ഈടാക്കേണ്ട പിഴ (3%) | 5697 |
| ഈടാക്കിയത് | 0 |
| ഈടാക്കിയതിൽ കുറവ്: | 5697 |

പ്രവൃത്തി പൂർത്തീകരണത്തിനായി 6 മാസം അനുവദിച്ചിട്ടുള്ള (ടെക്നിക്കൽ സാങ്ഷൻ പ്രകാരം) ഈ പ്രവൃത്തിയിൽ പ്രവൃത്തി പൂർത്തീകരണത്തിനായി സമയം ദീർഘിപ്പിച്ച് ലഭിക്കുന്നതിനായി കരാറുകാരൻ അപേക്ഷ നൽകിയിട്ടുണ്ട് എന്ന് സൂചിപ്പിച്ച് 20-6-2022 വരെ സമയം ദീർഘിപ്പിക്കുന്നതിന് അസി.എഞ്ചിനീയർ തീുമാനമെടുത്തതായി രേഖകൾ ഉണ്ട്. എന്നാൽ ഇത് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകരിക്കുകയോ ഭരണസമിതി അംഗീകരിച്ച് തീരുമാനം എടുക്കുകയോ ചെയ്തിട്ടില്ല. കരാറുകാരന്റെ അപേക്ഷയും ഫയലിൽ ലഭ്യമല്ല.

3) പ്രോജക്ടിന്റെ നം. , പേര് : SO 75/23- കപ്ലിപ്പാറ കണ്ടംപിഷാരം റോഡ് റീടാറിങ്ങ്

| | |
|---|---|
| ചെലവ്: , ബിൽ നം. , തീയ്യതി | ബിൽ നം.-30/25-3-2023, 759931/- |
| കരാർ നം., അളവു പുസ്തകം: | 15/AE/LSGD /MDR/27-4-2022 |
| പി.എ.സി. | 759931 |
| കരാറുകാരൻ: | റെജി.കെ. ഇട്ടൻ |
| സ്ഥലം കൈമാറിയ തീയ്യതി. | 27-4-2022 |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: | 26-12-2022 |
| പൂർത്തീകരിച്ച തീയ്യതി: | 21-3-23 |
| ഈടാക്കേണ്ട പിഴ (3%) | 22797 |
| ഈടാക്കിയത് | 0 |
| ഈടാക്കിയതിൽ കുറവ്: | 22797 |

പ്രവൃത്തി പൂർത്തീകരണത്തിനായി 8 മാസം അനുവദിച്ചിട്ടുള്ള (ടെക്നിക്കൽ സാങ്ഷൻ പ്രകാരം) ഈ പ്രവൃത്തിയിൽ പ്രവൃത്തി പൂർത്തീകരണത്തിനായി സമയം ദീർഘിപ്പിച്ച് ലഭിക്കുന്നതിനായി കരാറുകാരൻ സമയം ദീർഘിപ്പിക്കുന്നതിന് അപേക്ഷ നൽകുകയും (31-3-2023വരെ) അസി.എഞ്ചിനീയർ തീരുമാനമെടുത്തതായും രേഖകൾ ഉണ്ട്. ഇത് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകരിച്ചിട്ടുണ്ടെങ്കിലും ഭരണസമിതി അംഗീകരിച്ച് തീരുമാനം എടുത്തിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (നം.7/22-8-2023, 15/23-8-2023) എന്നിവയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ കരാറുകാർക്ക് ഇതു സംബന്ധിച്ച് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും അടവ് വിവരങ്ങൾ പിന്നീട് അറിയിക്കാമെന്നും സൂചിപ്പിച്ചിട്ടുണ്ട്. കരാറുകാർ തുക അടവാക്കുന്നത് വരെ പിഴ ഇനത്തിൽ ലഭിക്കേണ്ട തുക 37830രൂ., ഫൈനൽ ബിൽ അനുവദിയ്ക്കുമ്പോൾ പോലും പഞ്ചായത്തിന്

അർഹമായ പിഴ തുക ഈടാക്കാതെ ബിൽ അനുവദിച്ച അസിസ്റ്റന്റ് എഞ്ചിനീയറുടെ വ്യക്തിപരമായ ബാധ്യതയായി ഓഡിറ്റിൽ നിശ്ചയിക്കുന്നു.

1-27 മരാമത്ത് പ്രവൃത്തികളിൽ ടാർ ബാരലുകളുടെ വില ഈടാക്കിയിട്ടില്ല

അസി. എഞ്ചിനീയർ നിർവ്വഹണം നടത്തി തൻവർഷം പൂർത്തീകരിച്ചിട്ടുള്ള റോഡ് ടാറിംഗ് പ്രവൃത്തികളിൽ കരാറുകാരാണ് ബിറ്റുമിൻ വാങ്ങിയിരിക്കുന്നത്. പ്രൈസ് സോഫ്റ്റ് വെയർ മുഖേന നിരക്കുകൾ കണക്കാക്കിയിട്ടുള്ള (With Packed Bitumin Rates) ഇവയുടെ ഫൈനൽ ബില്ലുകളിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്യുതിനുശേഷമാണ് കരാറുകാർക്ക് തുക നൽകേണ്ടത് . എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ നിന്നും ബിറ്റുമിൻ ബാരൽ വില ഈടാക്കാതെയാണ് കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയിരിക്കുന്നത് . ഈ പ്രവൃത്തികളുടെ അളവു പുസ്തകങ്ങളിൽ ബിറ്റുമിൻ Adequacy കണക്കാക്കി നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. 238/-രൂപ നിരക്കിൽ ബാരലിന്റെ വിലയും ജി.എസ്. ടിയും(18%) കരാറുകാരിൽ നിന്ന് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജ.നം./ പ്രവൃത്തി/ കരാറുകാരൻ | ബിൽ നം, തുക, അളവു പുസ്തകം | ആവശ്യമായ ബിറ്റുമിൻ(kg) (As Per Adequacy) - ബാരലിന്റെ എണ്ണം | ബാരലിന്റെ എണ്ണം | ബാരലിന്റെ വില @ 238/- | ജി.എസ്.ടി. ( 18%) |
|---|---|---|---|---|---|---|
| 1 | 75/23-കല്ലിപ്പാറ കണ്ടംപിഷാരം റോഡ് റീടാറിങ്ങ്<br>റെജി.കെ. ഇട്ടൻ | ബിൽ നം.-30/25-3-2023 759931/-<br>MB No. 31/22-23 | VG-30-4884.51/161.8 =31<br>RS1-568.975/200 =3 | 34 | 8092 | 1457 |
| | ആകെ | | | | 8092 | 1457 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (16/23-8-2023) ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരന് ഇതു സംബന്ധിച്ച് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും അടവ് വിവരം അറിയിക്കാമെന്നും സൂചിപ്പിച്ചിട്ടുണ്ട്. ആയതിനാൽ ടാർ ബാരലിന്റെ വില 8092 രൂപയും ജി.എസ്.ടി 1457 രൂപയും ഉത്തരവാദിയായ അസി.എഞ്ചിയനീയറിൽ നിന്നും ഈടാക്കേണ്ടതാണ്. വിശദമായ ഖണ്ഡിക ഭാഗം 3-1 ആയി ചേർത്തിട്ടുണ്ട്.

1-28 പ്രവൃത്തിയിൽ അവശ്യ ഇനങ്ങൾ ഒഴിവാക്കിയും ആവശ്യമില്ലാത്ത ഇനങ്ങൾ കൂട്ടിച്ചേർത്തിയും പ്രവൃത്തി നിർവ്വഹിച്ചിരിക്കുന്നു.

അസി.എൻജിനിയർ നിർവ്വഹണം നടത്തിയ താഴെ സൂചിപ്പിക്കുന്ന പ്രവൃത്തിയിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് നിർമിച്ചപ്പോൾ അവശ്യ ഇനങ്ങൾ ഒഴിവാക്കിയും ആവശ്യമില്ലാത്ത ഇനങ്ങൾ കൂട്ടിച്ചേർത്തിയും പ്രവൃത്തി നിർവ്വഹിച്ചിരിക്കുന്നു. പ്രവൃത്തി ഉപയോഗ ശൂന്യമായി നിൽക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റിന്റെ നം. , പേര് : | SO 163/23- പന്നിയംപാടം കുടിവെള്ള പദ്ധതി. |
| അടങ്കൽ , ഫണ്ടിനം | 350000, (CFC) |
| ചെലവ്: , ബിൽ നം. , തീയ്യതി | ആകെ303604<br>ബിൽ നം. 46/29-3-22, 123773/-<br>ബിൽ നം.-47/31-3-2023-179831/- |
| കരാർ നം., അളവു | 9/AE/LSGD/MDR/21-6-2021, MB |

| | |
|---|---|
| പുസ്തകം: | No. 739/20-21 |
| കരാറുകാരൻ: | സൗധാകരൻ.കെ.ആർ |

ടി പ്രവൃത്തിയിൽ താഴെ സൂചിപ്പിക്കുന്ന അപാകതകൾ സംഭവിച്ചിരിക്കുന്നു.

1) ടി പ്രവൃത്തിയുടെ ആദ്യ എസ്റ്റിമേറ്റിൽ പന്നിയംപാടം ഭാഗത്ത് കുഴൽക്കിണർ കുഴിക്കുന്നതിനും മോട്ടോർ വെയ്ക്കുന്നതിനും പമ്പ് ഹൗസ് സ്ഥാപിക്കുന്നതിനും യീൽഡ് ടെസ്റ്റ് നടത്തുന്നതിനും കറണ്ട് കണക്ഷൻ എടുക്കുന്നതിനും ആണ് ഉദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ആദ്യം കുഴിച്ച കുഴൽക്കിണറിൽ വെള്ളം ലഭ്യമാകാത്തതിനാൽ മറ്റൊരു കുഴൽക്കിണർ നിർമ്മിക്കുകയും ഫൈനൽബിൽ നൽകുകയും ചെയ്തിട്ടുണ്ട്. ഇതിനിടയിൽ ഇക്കാര്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയും താഴെ സൂചിപ്പിക്കുന്ന ഇനങ്ങൾ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

കുഴൽക്കിണർ നിർമാണം (രണ്ടെണ്ണം)

പി.വി.സി പൈപ്പ് സ്ഥാപിക്കൽ

ജി.ഐ.പൈപ്പ് സ്ഥാപിക്കൽ

യീൽഡ് ടെസ്റ്റ് നടത്തൽ

ഇതേ തുടർന്ന് പ്രവൃത്തി നിർവ്വഹിച്ചപ്പോൾ കുഴൽക്കിണർ നിർമാണം മാത്രമാണ് നടത്തിയിട്ടുള്ളത്. കുടിവെള്ളം എടുക്കുന്നതിനോ ജനങ്ങൾക്ക് എത്തിക്കുന്നതിനോ യാതൊരു പ്രവൃത്തികളും നിർവ്വഹിച്ചിട്ടില്ല. ആയതിനാൽ ഇപ്പോഴും ടി പ്രവൃത്തി യാതൊരു പ്രയോജനവും ഇല്ലാതെ നിലനിൽക്കുന്നു. കറണ്ട് കണക്ഷൻ എടുക്കൽ, മോട്ടോർ സ്ഥാപിക്കൽ എന്നിവ റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താതെ പി.വി.സി പൈപ്പ് സ്ഥാപിക്കൽ , ജി.ഐ.പൈപ്പ് സ്ഥാപിക്കൽ എന്നീ ഇനങ്ങൾ ഉൾപ്പെടുത്തുന്നത് ആവശ്യമില്ലാത്തതാണ്. അടങ്കൽ തികയ്ക്കുന്നതിന് വേണ്ടി തൽസമയം യാതൊരു പ്രസക്തിയുമില്ലാത്ത ഇനങ്ങൾ ഉൾപ്പെടുത്തുന്നത് ക്രമപ്രകാരമല്ല.

2) പി.വി.സി പൈപ്പ് സ്ഥാപിക്കൽ , ജി.ഐ. പൈപ്പ് സ്ഥാപിക്കൽ എന്നിവ റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രവൃത്തി ചെയ്തിട്ടില്ല. ഇപ്രകാരം എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടുള്ള ഇനങ്ങൾ ഒഴിവാക്കി ഫൈനൽ ബിൽ നൽകുന്നതിന് ഭരണസമിതിയുടെ അംഗീകാരം വാങ്ങിയിട്ടില്ല.

3) പദ്ധതി മാർഗരേഖ അനുസരിച്ച് ഗുണഭോക്തൃസമിതി രൂപീകരിച്ച് കരാറിൽ ഏർപ്പെട്ടതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (6/22-8-23) ലഭ്യമാക്കിയ മറുപടിയിൽ ആദ്യകുഴൽക്കിണറിൽ വെള്ളം ലഭിക്കാത്തതിനാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് നിർമിച്ച് രണ്ടാമത്തെ കുഴൽക്കിണർ നിർമിച്ചു എന്നും ആയതിലും മതിയായ അളവിൽ വെള്ളം ലഭിക്കാത്തതിനാൽ തുടർപ്പണികൾ നടത്തിയില്ല എന്നും സൂചിപ്പിച്ചിട്ടുണ്ട്. മറുപടിയിലെ ആദ്യഭാഗം അംഗീകരിക്കാമെങ്കിലും റിവൈസ്ഡ് എസ്റ്റിമേറ്റിലെ പലഇനങ്ങളും തൽസമയം ആവശ്യമില്ലാത്തതും ചെയ്ത പ്രവൃത്തി ഉപയോഗ ശൂന്യമായി നിലനിൽക്കുന്നതിലേക്ക് നയിക്കുന്നതുമാണ്.

ആയതിനാൽ ഭാവിയിൽ ഭരണസമിതി ഇത്തരം കാര്യങ്ങളിൽ ശ്രദ്ധ പുലർത്തുകയും പദ്ധതികൾ ഉപയോഗക്ഷമമാക്കുന്നതിലേക്ക് ആവശ്യമായ ഇനങ്ങൾ മാത്രം ഉൾപ്പെടുത്തി പ്രവൃത്തി നിർവ്വഹിക്കുന്നതിന് ആവശ്യമായ മാർഗനിർദേശങ്ങൾ നൽകേണ്ടതുമാണ്.

## 1-29 പ്രവൃത്തിയിൽ നിലവിൽ ആവശ്യമില്ലാത്ത ഇനങ്ങൾ ഉൾപ്പെടുത്തി നിർവ്വഹിച്ചിരിക്കുന്നു

അസി.എൻജിനീയർ നിർവ്വഹണം നടത്തിയ താഴെ സൂചിപ്പിക്കുന്ന പ്രവൃത്തിയിൽ എസ്റ്റിമേറ്റ് നിർമിച്ചപ്പോൾ നിലവിൽ ആവശ്യമില്ലാത്ത ഇനങ്ങൾ ഉൾപ്പെടുത്തി നിർവ്വഹിച്ചിരിക്കുന്നു. പ്രവൃത്തി ഉപയോഗ ശൂന്യമായി നിൽക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ നം. , പേര് : | SO 87/23- പാണത്തറ കുടിവെള്ള പദ്ധതി. |

| | |
|---|---|
| അടങ്കൽ , ഫണ്ടിനം | 200000, (CFC) |
| ചെലവ്: , ബിൽ നം. , തീയ്യതി | ആകെ 166170<br>ബിൽ നം.-26/28-2-2023-166170/- |
| കരാർ നം., അളവു പുസ്തകം: | 78/AE/LSGD/MDR/11-3-22 MB No. 552/21-22 |
| കരാറുകാരൻ: | സുരേഷ് ബാബു .കെ |

ടി പ്രവൃത്തിയിൽ താഴെ സൂചിപ്പിക്കുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ പന്നിയംപാടം ഭാഗത്ത് കുഴൽക്കിണർ കുഴിക്കുന്നതിനും പമ്പ് ഹൗസ് സ്ഥാപിക്കുന്നതിനും യീൽഡ് ടെസ്റ്റ് നടത്തുന്നതിനും ആണ് ഉദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ആദ്യം കുഴിച്ച കുഴൽക്കിണർ ഇടിഞ്ഞ് പോയതിനാൽ മറ്റൊരു കുഴൽക്കിണർ നിർമ്മിക്കുകയും ഫൈനൽബിൽ നൽകുകയും ചെയ്തിട്ടുണ്ട്. ടി പ്രവൃത്തിയിൽ മോട്ടോറോ കറണ്ട് കണക്ഷനോ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇതൊന്നും ഇല്ലാതെ നിലവിൽ യാതൊരു ഉപയോഗവുമില്ലാത്ത പമ്പ് ഹൗസ് സ്ഥാപിക്കുകയും ആയതിന് 25000 രൂ. നൽകുകയും ചെയ്തിരിക്കുന്നു. കുടിവെള്ളം എടുക്കുന്നതിനോ ജനങ്ങൾക്ക് എത്തിക്കുന്നതിനോ യാതൊരു പ്രവൃത്തികളും നിർവ്വഹിച്ചിട്ടില്ല. ആയതിനാൽ ഇപ്പോഴും ടി പ്രവൃത്തി യാതൊരു പ്രയോജനവും ഇല്ലാതെ നിലനിൽക്കുന്നു.

ഇപ്രകാരം നിലവിൽ യാതൊരു ഉപയോഗവും ഇല്ലാത്ത ഇനങ്ങൾ ഉൾപ്പെടുത്തി പ്രവൃത്തി നിർവ്വഹിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.27/28.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഇല്ലാതെ നിലവിൽ യാതൊരു ഉപയോഗവുമില്ലാത്ത പമ്പ് ഹൗസ് സ്ഥാപിക്കുകയും ആയതിന് 25000 രൂ. നൽകുകയും ചെയ്തത് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-30 വന്യജീവി സൗഹൃദ ഇടപെടൽ- വിനിയോഗവിവരം ലഭ്യമാക്കുക

വന്യജീവികളുടെ ആക്രമണത്തിൽ നിന്ന് ജീവനും കൃഷിയും സംരക്ഷിക്കുക എന്ന പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനായി ജില്ലാപഞ്ചായത്തിലേക്ക് ഗ്രാമ പഞ്ചായത്ത് വിഹിതം കൈമാറിയിട്ടുണ്ട്.

വിശദവിവരം താഴെ കൊടുക്കുന്നു

നിർവഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

പ്രൊജക്റ്റ് അടങ്കൽ-200000/- ,വികസന ഫണ്ട് ജനറൽ

ചെലവ്-200000/-

(ബിൽ നം -22/07.11.2022 )

പ്രൊജക്റ്റ് നം-118/23

ഇതു സംബന്ധിച്ച വിനിയോഗ വിവരം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(5/19.08.23) നൽകിയ മറുപടിയിൽ ഈ പദ്ധതിക്കായി ജില്ലാ പഞ്ചായത്തിലേക്ക് 2ലക്ഷം നൽകിയെങ്കിലും പദ്ധതി ഉപേക്ഷിച്ചതിനാൽ പ്രസ്തുത തുക ജില്ലാ പഞ്ചായത്തിൽ നിന്ന് മുണ്ടൂർ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക്17.04.23 ന് തിരികെ അടവാക്കിയിട്ടുണ്ടെന്നും ROPആയി സർക്കാരിലേക്ക് അടവാക്കാൻ സത്വര നടപടികൾ സ്വീകരിക്കുമെന്നുമാണ് അറിയിച്ചത്. മേൽ നടപടികൾ സ്വീകരിച്ച് തുക സർക്കാരിലേയ്ക്ക് അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-31 മെഡിക്കൽ ഓഫീസർ നിർവഹണം- കായിക മാനസിക ശേഷി വർദ്ധനവ് സ്കൂൾവിദ്യാർത്ഥികൾക്കുള്ള യോഗാപരിശീലനം -അപാകതകൾ

മെഡിക്കൽ ഓഫീസർ, ആയുർവേദം നിർവഹണ ഉദ്യോഗസ്ഥനായി നിർവഹണം നടത്തിയ കായിക മാനസിക ശേഷി വർദ്ധനവ് സ്കൂൾവിദ്യാർത്ഥികൾക്കുള്ള യോഗാപരിശീലനം എന്ന പ്രൊജക്റ്റ്

നിർവഹണം നടത്തിയിരിക്കുന്നു.വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | ബിൽ നം., ബിൽ തിയ്യതി | ബിൽ തുക | പ്രൊജക്ട് അടങ്കൽ | ചെലവ് തുക |
|---|---|---|---|---|---|
| 1 | 136/23 | 5/14.10.22<br>8/12.12.22<br>12/20.03.23<br>14/20.03.23<br>10/20.03.23<br>17/22.03.23 | 400<br>24000<br>12000<br>4950<br>24000<br>11650 | 77000 | 77000 |

ഈ പ്രൊജക്ട് നിർവഹണം സംബന്ധിച്ച് താഴെ ചേർക്കുന്ന അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1)28.05.22 തിയ്യതിയിലെ സ.ഉ.(കൈ) നം 115/22/lsgd ഖണ്ഡിക 7.6.5 പ്രകാരം അംഗീകൃത സർവകലാശാലകളിൽ നിന്ന് ബിരുദം(BNYS-Bachelor Of Naturopathy And Logic Sciences) ബിരുദമോ തത്തുല്യ യോഗ്യതയുള്ളവരെയും യോഗാ അസോസിയേഷൻ സ്പോർട്സ് കൗൺസിലിന്റെ അംഗീകാരമുള്ളവരെയുമാണ് യോഗ പരിശീലകനായി നിയമിക്കാൻ നിർദേശിച്ചിട്ടുള്ളത്. എന്നാൽ ഡിപ്ലോമയുള്ള വ്യക്തിയെയാണ് യോഗാ ഇൻസ്ട്രക്ടറായി നിയമിച്ചിരിക്കുന്നത്.

2) പതിനാലാം പദ്ധതി മാർഗ്ഗരേഖ അനുസരിച്ച് ഒരു സെഷന് 400രൂപ വച്ച് പ്രതിമാസം 12000 രൂപയാണ് പരിശീലകന് നൽകാൻ നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ ടി വ്യക്തിയുടെ അറ്റന്റൻസ് സൂക്ഷിച്ചിട്ടില്ലാത്തതായി കാണുന്നു.

3)യോഗാ പരിശീലകന്റെ പ്രവർത്തന റിപ്പോർട്ട് ലഭ്യമല്ല.മുണ്ടൂർ എൽ.പി.സ്കൂൾ ,പൂതനൂർ എൽ.പി .സ്കൂൾ ,ലേബർ സ്കൂൾ എന്നിവിടങ്ങളിൽ എല്ലാംകൂടെ 30ക്ളാസ്സ് എടുത്തു എന്ന കത്തിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയിരിക്കുന്നത്.ഓരോ സ്കൂളിലും എത്ര പിരിയഡ് ,ഒരു മാസത്തിൽ എത്ര സെഷനുകൾ നടത്തി എന്നത് വ്യക്തമല്ല.

4)യോഗ ക്ളാസ്സ് നടത്തിപ്പ് മോണിറ്റർ ചെയ്ത വിവരം ലഭ്യമല്ല

മേൽ സൂചിപ്പിച്ച വിഷയങ്ങൾക്ക് വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/23.08.23)മറുപടി ലഭ്യമായിട്ടില്ല. സർക്കാർ മാനദണ്ഡങ്ങൾക്കനുസൃതമായി പ്രൊജക്ടുകൾ നിർവഹിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 മരാമത്ത് പ്രവൃത്തികളിൽ ടാർ ബാരലുകളുടെ വില ഈടാക്കിയിട്ടില്ല. ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കേണ്ടതാണ്.

അസി. എഞ്ചിനീയർ നിർവ്വഹണം നടത്തി തൻവർഷം പൂർത്തീകരിച്ചിട്ടുള്ള റോഡ് ടാറിംഗ് പ്രവൃത്തികളിൽ കരാറുകാരാണ് ബിറ്റുമിൻ വാങ്ങിയിരിക്കുന്നത്. പ്രൈസ് സോഫ്റ്റ് വെയർ മുഖേന നിരക്കുകൾ കണക്കാക്കിയിട്ടുള്ള (With Packed Bitumin Rates) ഇവയുടെ ഫൈനൽ ബില്ലുകളിൽ നിന്നും

ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനുശേഷമാണ് കരാറുകാർക്ക് തുക നൽകേണ്ടത് . എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ നിന്നും ബിറ്റുമിൻ ബാരൽ വില ഈടാക്കാതെയാണ് കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയിരിക്കുന്നത് . ഈ പ്രവൃത്തികളുടെ അളവു പുസ്തകങ്ങളിൽ ബിറ്റുമിൻ Adequacy കണക്കാക്കി നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. 238/-രൂപ നിരക്കിൽ ബാരലിന്റെ വിലയും ജി.എസ്. ടിയും(18%) കരാറുകാരിൽ നിന്ന് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജ.നം./ പ്രവൃത്തി/ കരാറുകാരൻ | ബിൽ നം, തുക, അളവു പുസ്തകം | ആവശ്യമായ ബിറ്റുമിൻ(kg) (As Per Adequacy) - ബാരലിന്റെ എണ്ണം | ബാരലിന്റെ എണ്ണം | ബാരലിന്റെ വില @ 238/- | ജി.എസ്.ടി. ( 18%) |
|---|---|---|---|---|---|---|
| 1 | 75/23- കല്ലിപ്പാറ കണ്ടംപിഷാരം റോഡ് റീടാറിങ്ങ്<br>റെജി.കെ. ഇട്ടൻ | ബിൽ നം.-30/25-3-2023 759931/-<br>MB No. 31/22-23 | VG-30- 4884.51/161.8 =31<br>RS1- 568.975/200 =3 | 34 | 8092 | 1457 |
| | ആകെ | | | | 8092 | 1457 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (16/23-8-2023) ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരൻ ഇതു സംബന്ധിച്ച് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും അടവ് വിവരം അറിയിക്കാമെന്നും സൂചിപ്പിച്ചിട്ടുണ്ട്. ആയതിനാൽ ടാർ ബാരലിന്റെ വില 8092 രൂപയും ജി.എസ്.ടി 1457 രൂപയും ഉത്തരവാദിയായ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 17.08.2023 മുതൽ 25.08.2023 വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2022-23 | 200000 | 66/23 – ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് നൽകൽ - ജനറൽ | 200000 | 0 |
| പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 125000 | 66/23 – ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, മാസബത്ത | 125000 | 0 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2022-23 | 100000 | 232/23 – പാലിന് സബ്സിഡി പൊതു വിഭാഗം | 100000 | 0 |

| | | | | | |
|---|---|---|---|---|---|
| പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 50000 | 232/23 – പാലിന് സബ്സിഡി പൊതു വിഭാഗം | 50000 | 0 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2022-23 | 780000 | 73/23 – ലൈഫ് മിഷൻ എസ് സി പി | 780000 | 0 |
| പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 1005000 | 73/23 – ലൈഫ് മിഷൻ എസ് സി പി | 1005000 | 0 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2022-23 | 851082 | 154/23 – നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി | 851082 | 0 |
| പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 845530 | 154/23 – നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി | 845530 | 0 |
| പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 170000 | 234/23 – കറവ പശുകൾക്ക് കാലിത്തീറ്റ എസ് സി | 170000 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകളുടെ വിവരം

| ക്രമ നം. | പ്രോജക്ട് നം. | ബിൽ നം. , ബിൽ തിയ്യതി | ബിൽ തുക | പ്രൊജക്ട് അടങ്കൽ | ഡെപ്പോസിറ്റ് ചെയ്ത സ്ഥാപനം |
|---|---|---|---|---|---|
| 1 | 33/23 വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷന് | 29/ 23.11.22 | 397956/- വികസന ഫണ്ട് ജനറൽ | 400000/- | KSEB മുണ്ടൂർ |
| | | 162/ 21.11.22 | 500000/- CFC | 900000/- | KSEB മുണ്ടൂർ |
| 2 | 221/23തെക്കുമ്പുറം എസ്.സി.കോളനി റോഡിലെ പോസ്റ്റുകൾ മാറ്റി സ്ഥാപിച്ച് തെരുവുവിളക്ക് സ്ഥാപിക്കൽ | 40/ 18.03.23 | 99784/- വികസന ഫണ്ട് SCP | 100000/- | KSEB മുണ്ടൂർ |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഒന്നുമില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ചത് | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| ലൈഫ് ഭവന നിർമ്മാണ പദ്ധതി | - | 25584000 | 4800000 | 3908709 | - | 26475291 |

## 4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 738/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2001-02 | 3-1 (1) | 292 | കെ.എം.കൃഷ്ണൻകുട്ടി | 1220305015/ 06.12.2022 |
| 2001-02 | 3-1 (1) | 38 | കെ.വി.വേണുഗോപാൽ | 1220306089/ 07.01.2023 |
| 2001-02 | 3-1 (1) | 135 | പി.അനുരാധ | 1220306090/ 07.01.2023 |
| 2001-02 | 3-1 (1) | 100 | കെ.വി.വേണുഗോപാൽ | 1220306098/ 07.01.2023 |
| 2001-02 | 3-1 (1) | 173 | ഗീവർഗീസ് പി എ | 1220306969/ 20.02.2023 |
| ആകെ | | 738 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഒന്നുമില്ല.

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഒന്നുമില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| വിശദാംശങ്ങൾ | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | ₹28840317 |
| ഓഡിറ്റ് വർഷത്തെ വരവ് | ₹55296671 |
| ആകെ | ₹84136988 |
| ഓഡിറ്റ് വർഷത്തെ ചെലവ് | ₹40965245 |
| നീക്കിയിരിപ്പ് | ₹43171743 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 8092 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 25000 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 8092 | തുളസി.കെ, അസി.എഞ്ചിനീയർ |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-29 | 25000 | തുളസി.കെ, അസി.എഞ്ചിനീയർ |
| ആകെ | 25000 | |

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 1899 | മുഹസിൻ മുനവർ പി.കെ., അസി.എഞ്ചിനീയർ |
| | 29515 | തുളസി.കെ, അസി.എഞ്ചിനീയർ |
| 1-26 | 5697 | മുഹസിൻ മുനവർ പി.കെ., അസി.എഞ്ചിനീയർ |
| | 32133 | തുളസി.കെ, അസി.എഞ്ചിനീയർ |
| ആകെ | 69244 | |

(സി) കേന്ദ്ര- സർക്കാരിനുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 728.50 | തുളസി.കെ, അസി.എഞ്ചിനീയർ |

സംസ്ഥാന സർക്കാരിനുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 728.50 | തുളസി.കെ, അസി.എഞ്ചിനീയർ |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| മുഹസിൻ മുനവർ പി.കെ., അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, മണ്ണൂർ ഗ്രാമപഞ്ചായത്ത് | അർഷാദ് മൻസിൽ, ഹിൽവ്യൂ നഗർ, ഡി ബ്ലോക്ക് നം.19 ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പുതുപ്പരിയാരം, പാലക്കാട് ജില്ല. ഫോൺ. 9847355671 |
| തുളസി.കെ, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, മുണ്ടൂർ ഗ്രാ.പ. | ദേവാങ്കണം, ധോണി പി.ഓ പാലക്കാട് ഫോൺ. 9388169160 |

## 4-11 തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈവകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിട പാടിന്റെ വിവരം | തീർപ്പാക്കാൻ അവശേ ഷിക്കുന്ന ഖണ്ഡിക കളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1998-99 | KSA-PKD-17/ 289,1317/11 DT.19.11.11 | 15 | 17,20,25,29,30(1), 31, 32, 36, 37, 40, 42(3), 43(1), |
| 1999-00 | KSA-PKD-17/ 289, 1317/11 DT.19.11.11 | 1 | 3 (2) |
| 2001-02 | KSA-PKD-17/ 13816 DT.03.04.17 | 2 | 2(2), 3(1) |
| 2002-03 | KSA-PKD-17/ 774/16 DT.03.04.17 | 1 | 3(2) |
| 2003-04 | KSA-PKD17/ 1173/08 Dt. 3.11.08 | 7 | 2-1, 2-3, 2-4, 2-6(1), 2-6(2), 3-1, 3-3 |
| 2004-05 | KSA-PKD-17/ 2087/14DT.23.05.15 | 6 | 3-1(1), 3-1(2), 3-2, 3-3, 3-4, 3-4(2) |
| 2005-06 | KSA-PKD-17/2087/ 14 DT.23.05.15 | 1 | 3-2 (1) |
| 2006-07 | KSA-PKD17/1499/ 2011 Dt. 19.11.11 | 7 | 2-1, 3-1, 3-2, 3-3, 3-4(1), 3-4(2), 3-5 |
| 2007-08 | KSA-PKD17/ 43/11 (4) Dt. 15.11.11 | 15 | 2-1, 2-2, 2-3, 2-4, 2-5, 3-1, 3-2, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11 |
| 2008-09 | KSA-PKD17/1182/12 Dt. 8.7.17 | 15 | 2-1, 2-2, 2-3, 2-4, 2-5, 3-1, 3-2, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11 |
| 2009-10 | KSA-PKD17/2566/ 14 Dt. 4.5.15 | 10 | 2-1, 2-1 (1), 2-1 (2), 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8 |
| 2010-11 | KSA-PKD-17/ 1897/15 Dt.16.01.16 | 5 | 2-2, 3-1, 3-4, 3-5, 3-6 |
| 2011-12 | KSA-PKD17/ 1582/18 | 10 | 2-6, 3-1, 3-5a, 3-5b, 3-6, 3-8, 3-10, 3-12, 3-13, 3-14 |
| 2012-13 | KSA-PKD-17/ 2132/16 DT.14.03.17 | 10 | 2-2, 2-3, 3-1, 3-2, 3-3, 3-5, 3-8, 3-9, 3-10, 3-13 |
| 2013-14 2014-15 | KSA-PKD17/ 1834/17 Dt. 5.3.18 | 6 | 2-2, 2-6, 2-7, 3-1, 3-19, 3-20 |
| 2017-18 | KSA-PKD17/2495/ 18,dt.10-01-18 | 4 | 2-1,3-2,3-3,3-5 |
| 2018-19 | KSA-PKD-17/575/ 20,dt. 04.06.20 | 22 | 1-11 മുതൽ<br>3-1 വരെ |
| 2019-20 | KSA-PKD-17/945/20,dt. 12.4.2021 | 1 | 2(1) |
| 2020-21 | KSA-PKD-17/1076/21,dt. 16.9.2021 | എല്ലാ ഖണ്ഡികകളും | എല്ലാ ഖണ്ഡികകളും |

| | | | |
|---|---|---|---|
| 2021-22 | KSA-PKD-17/1964/22, Dt. 14.03.2023 | എല്ലാ ഖണ്ഡികകളും | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന തടസ്സവാദങ്ങൾ തീർപ്പാക്കുന്നതിന് അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(5) dated 06-06-2023 and submitted on 31-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Mundur Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Mundur Grama Panchayat for the year 2022-2023

Date: 25/10/2023

Deputy Director
District Office Palakkad
Kerala State Audit Department

## Audit Report appended to the Audit Certificate of Mundur Grama Panchayat for the Year 2022-2023.

**1.Major Observations**

1. 2021-22 Closing Balance doesnot match with 2022-23 Opening Balnce

2.Liabilities that included in B4 schedule is not shown in B-17 Schedule

**2.Other Observations**

1.Non Disclosure of Assets-Assets not classified and valuated and accounted-Asset Register has not updated

2.Ratios not submitted as part of Annual Finance Statement of 2022-23

3.cash flow statement- Net increase/decrease in cashflow doesnot match with the difference between the opening balance and closing balance of cash and cash equivalents

4.Register for observing government dues not maintained

5.Amount given for deposit works are not included in Balance sheet

6.Demands (propert tax) are not entered on time

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ മുണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3

## വാർഷിക ധനകാര്യ പത്രിക-വിവിധ പത്രികകൾ

| RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 28840317.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1811060.00 |
| 130000000 | Rental income from Panchayat Properties | RP-3 | 121550.00 |
| 140000000 | Fees & User Charges | RP-4 | 1080617.00 |
| 150000000 | Sale & Hire Charges | RP-5 | 226666.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 15342000.00 |
| 171000000 | Interest Earned | RP-9 | 873584.00 |
| 190000000 | Prior Period Income | RP-11 | 11451.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 14705258.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 14990586.00 |
| 460000000 | Loans, Advances and Deposits | RP-49 | 12000.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 76877.00 |
| 330000000 | Secured Loans | RP-31 | 4800000.00 |
| 340000000 | Deposits Received | RP-33 | 233250.00 |
| 350000000 | Other Liabilities | RP-35 | 1011772.00 |
| | Grand total | | 84136988.00 |
| | PAYMENTS | | |
| | Operating | | |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 35.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 5333014.00 |
| 460000000 | Loans, Advances and Deposits | RP-49 | 333698.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 221900.00 |
| 350000000 | Other Liabilities | RP-35 | 35076598.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 43171743.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 84136988.00 |

| INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 8937232.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 346394.00 |
| 140000000 | Fee & User Charges | I-4 | 1315677.00 |
| 150000000 | Sale & Hire Charges | I-5 | 226666.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 160962032.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 887305.00 |
| 180000000 | Other Income | I-9 | 121951.00 |
| 190000000 | Prior Period Income | I-19 | -38662.00 |
| | Total Income | | 172797257.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 12664985.00 |
| 220000000 | Administrative Expenses | I-11 | 912645.00 |
| 230000000 | Operations & Maintenance | I-12 | 1693432.00 |
| 240000000 | Interest & Finance Charges | I-13 | 16808.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 9445640.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 30276423.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 15104480.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 39950267.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 55463642.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 671429.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 12353099.00 |
| | Total Expenditure | | 178552850.00 |
| | Gross Surplus / Deficit of income over Expenditure | | -5755593.00 |
| | Gross Surplus / Deficit of income over Expenditure | | -5744115.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 50140.00 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | 11478.00 |

| BALANCE SHEET | | | |
|---|---|---|---|
| As on 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 43611048.33 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 115282.00 |
| 312000000 | Reserves | B-3 | 83035281.00 |
| | Total Reserve & Surplus | | 126761611.33 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 9960687.00 |
| | Total Grants, Contributions for Specific Purposes | | 9960687.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 26475291.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 26475291.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 435215.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2004531.09 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 2439746.09 |
| | TOTAL LIABILITIES | | 165637335.42 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 453446.00 |
| 412000000 | Capital Work in Progress | B-11(b) | 138591.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 2074213.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 42725343.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 87054645.00 |
| 416000000 | Accumulated Depreciation | B-11(a) | -44618619.00 |
| | Total Fixed Assets | | 87827619.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 5716833.42 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 26475291.00 |
| 450000000 | Cash and Bank Balance | B-17 | 43171743.00 |
| 460000000 | Loans, Advances and Deposits | B-18 | 2445849.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 77809716.42 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 165637335.42 |

Deputy Director